19
2021
ഒക്ടോബർ
ചൊവ്വ
1197
തുലാം 4

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-3, Issue No. 174 Page 4, Price: Rs. 2 പുസ്തകം-3 ലക്കം-174 പേജ് 4. വില 2.00 രൂപ




02 ദുരന്ത കാരണം ലഘു മേഘവിസ്ഫോടനം
03 പ്രകൃതിദുരന്തം: അഞ്ചു ദിവസത്തിനിടെ 37 മരണം
04 കേരളത്തിൽ ഇന്ന് 6676 പേർക്ക് കോവിഡ്; 60 മരണം

## പീഡനക്കേസിൽ പ്രതിചേർക്കാതിരിക്കാൻ കൈക്കൂലി; എഎസ്ഐക്ക് സസ്പെൻഷൻ

കൊച്ചി: പോക്സോ കേസിൽ ഇരയുടെ സഹോദരങ്ങളെ പ്രതി ചേർക്കാതിരിക്കാൻ മാതാപിതാക്കളോട് പണം ആവശ്യപ്പെട്ട സംഭവത്തിൽ ആരോപണ വിധേയനായ എഎസ്ഐയ്ക്ക് സസ്പെൻഷൻ. എറണാകുളം നോർത്ത് സ്റ്റേഷനിലെ എഎസ്ഐ വിനോദ് കൃഷ്ണയെയാണ് സസ്പെൻഡ് ചെയ്തത്.

വകുപ്പുതല അന്വേഷണത്തിന്റെ ഭാഗമായി വിനോദ് കൃഷ്ണയെ വെള്ളിയാഴ്ച അന്വേഷണ വിധേയമായി ജില്ലാ സായുധ ക്യാമ്പിലേക്ക് സ്ഥലംമാറ്റിയിരുന്നു. ഇതിനു പിന്നാലെയാണ് കൊച്ചി സിറ്റി പോലീസിന്റെ പുതിയ നടപടി. മകളെ സഹോദരൻമാർ പീഡിപ്പിച്ചെന്ന കേസ് ഒഴിവാക്കാൻ അഞ്ച് ലക്ഷം രൂപ ആവശ്യപ്പെട്ടെന്നാണ് എഎസ്ഐക്ക് എതിരെയുള്ള പ്രധാന ആരോപണം.

# മൂന്നു ഡാമുകൾ ചൊവ്വാഴ്ച തുറക്കും

## ഷട്ടറുകൾ ഒരുമിച്ച് തുറക്കില്ല

തിരുവനന്തപുരം: സംസ്ഥാനത്ത് ചൊവ്വാഴ്ച മൂന്ന് അണക്കെട്ടുകൾ തുറക്കുമെങ്കിലും അണക്കെട്ടുകളുടെ ഷട്ടറുകൾ ഒരുമിച്ച് തുറക്കില്ല. ഇടുക്കി ഡാമിൻറെ മധ്യഭാഗത്തെ ഷട്ടറാണ് ആദ്യം തുറക്കുക. പിന്നീട് ഇരുവശങ്ങളിലേയും ഷട്ടറുകളും തുറക്കും.

ഇടുക്കിയിൽ ചുരുങ്ങിയത് അരമണിക്കൂർ ഇടവിട്ട് മൂന്നു ഷട്ടറുകളും ഇടമലയാറിലും പന്പയിലും ഇതേ സമയക്രമത്തിൽ രണ്ടും ഷട്ടറുകൾ വീതവും തുറക്കും. ഇടുക്കി ഡാമിൻറെ ഷട്ടർ ചൊവ്വാഴ്ച്ച രാവിലെ 11 മണിക്കും ഇടമലയാറിൻറേത് രാവിലെ ആറിനും തുറക്കും. പമ്പാ ഡാം രാവിലെ അഞ്ചിന് തുറക്കും.



അണക്കെട്ടുകളിലെ ജലനിരപ്പ് നിരീക്ഷിക്കുന്നതിന് സർക്കാർ നിയോഗിച്ച കമ്മിറ്റി തീരുമാനപ്രകാരമാണ് മൂന്ന് ഡാമുകളിലെ വെള്ളം തുറന്നു വിടുന്നത്. അധികൃതർ നൽകുന്ന നിർദേശങ്ങൾ അനുസരിക്കാനും അതീവ ജാഗ്രത പാലിക്കാനും എല്ലാവരും തയാറാവണമെന്ന് മുഖ്യമന്ത്രി അഭ്യർഥിച്ചു.

നാളെ മുതൽ സംസ്ഥാനത്ത് ശക്തമായ മഴ ലഭിക്കുമെന്ന കേന്ദ്രകാലാവസ്ഥ വകുപ്പിൻറെ മുന്നറിയിപ്പ് കണക്കിലെടുത്ത് മുൻകരുതലെന്ന നിലയിലാണ് അണക്കെട്ടുകൾ തുറന്ന് നിയന്ത്രിത അളവിൽ ജലം ഒഴുക്കികളയുന്നത്. ഇതുവഴി വരും ദിവസങ്ങളിൽ മഴ കനത്താൽ കൂടുതൽ ജലം അണക്കെട്ടുകൾക്ക് ഉൾക്കൊള്ളാനാകും. കെഎസ്ഇബിയുടെ കീഴിലുള്ള ഡാമുകളിൽ തിങ്കളാഴ്ച രാത്രി ഏഴ് വരെയുള്ള കണക്കനുസരിച്ച് ആകെ സംഭരണ ശേഷിയുടെ 91.5 ശതമാനം ജലമാണുള്ളത്.

## ജാഗ്രതയോടെ പ്രവർത്തിക്കേണ്ട സമയം: കെസിബിസി

കൊച്ചി: കേരളത്തിന്റെ വിവിധയിടങ്ങളിൽ കനത്ത മഴയെ തുടർന്നുണ്ടായ ഉരുൾപൊട്ടലിലും വെള്ളപ്പൊക്കത്തിലും നമ്മുടെ സഹോദരങ്ങൾക്ക് ജീവഹാനി സംഭവിക്കാൻ ഇടയായത് അത്യന്തം വേദനാജനകമാണെന്നു കെസിബിസി പ്രസിഡന്റ് മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി. കുടുംബാംഗങ്ങൾ നഷ്ടപ്പെട്ടവരുടെ ദുഃഖത്തിൽ പങ്കുചേരുകയും അവർക്കായി പ്രാർഥിക്കുകയും ചെയ്യുന്നു.

വീടും സ്വത്തുക്കളും നഷ്ടപ്പെട്ടവരോടും പ്രളയ ദുരിതം അനുഭവിക്കുന്നവരോടും ചേർന്നു നിൽക്കാനും, അടിയന്തര സഹായങ്ങൾ ചെയ്ത് അവരെ ആശ്വസിപ്പിക്കാനും എല്ലാവരോടും അഭ്യർഥിക്കുന്നു. ദുരന്തമുഖത്തേക്ക് ഓടിയെത്തി സഹായിച്ച നല്ലവരായ നാട്ടുകാരും സർക്കാർ സംവിധാനങ്ങളും സന്നദ്ധ പ്രവർത്തകരും അഭിനന്ദനം അർഹിക്കുന്നു.

അടുത്ത കാലത്തായി കേരളം പ്രകൃതി ദുരന്തങ്ങളുടെ നാടായി മാറുന്നത് ആശങ്ക ഉളവാക്കുന്നു. ഇത്തരം സാഹചര്യങ്ങൾ സൃഷ്ടിക്കപ്പെടാതിരിക്കാൻ ആവശ്യമായ നയതീരുമാനങ്ങളും പ്രവർത്തന പദ്ധതികളും രൂപപ്പെടുത്താൻ ഉത്തരവാദിത്വപ്പെട്ടവർ അതീവ ജാഗ്രത കാണിക്കണം. പ്രകൃതി ദുരന്തങ്ങൾ നമ്മെ തളർത്തുകയല്ല മറിച്ച് അത്തരം സാഹചര്യങ്ങളെ ശാസ്ത്രീയ അടിത്തറയിൽ പ്രതിരോധിക്കാൻ പ്രേരിപ്പിക്കുകയാണ് ചെയ്യുന്നതെന്നും മാർ ആലഞ്ചേരി പറഞ്ഞു.

## ബുധനാഴ്ച മുതൽ ഇടിമിന്നലോട് കൂടിയ മഴയും കാറ്റും; മുന്നറിയിപ്പ്

തിരുവനന്തപുരം: കേരളത്തിൽ ബുധനാഴ്ച മുതൽ വെള്ളിയാഴ്ച വരെ ഇടിമിന്നലോട് കൂടിയ ശക്തമായ മഴയ്ക്കും കാറ്റിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. വിവിധ ജില്ലകളിൽ യെല്ലോ അലർട്ട് പ്രഖ്യാപിച്ചു. കിഴക്കൻ കാറ്റ് ശക്തിപ്പെടുന്നതിനാലാണ് മഴ കൂടുതലായി ലഭിക്കുകയെന്നും കാലാവസ്ഥാ വകുപ്പ് അറിയിച്ചു. യെല്ലോ അലർട്ട് പ്രഖ്യാപിച്ച ജില്ലകൾ

20.10.2021: തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്.

21.10.2021: തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്.

22.10.2021: തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ.

ഈ ദിവസങ്ങളിൽ കേരളലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് പോകാൻ പാടുള്ളതല്ല എന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു

## നഗരസഭയുടെ മതേതര സ്വഭാവം തകർക്കാനുള്ള നീക്കം തിരിച്ചറിയണം: മേയർ

തിരുവനന്തപുരം: നഗരസഭയുടെ മതേതര സ്വഭാവം തകർക്കാനുള്ള നീക്കം തിരിച്ചറിയണമെന്ന് മേയർ ആര്യാ രാജേന്ദ്രൻ. കേരളത്തിലെ എല്ലാ സർക്കാർ സ്ഥാപനങ്ങളും എന്നപോലെ തിരുവനന്തപുരം നഗരസഭയും ഒരു മതേതര സ്ഥാപനമാണെന്നും അവിടെ എല്ലാ ജാതിമത വിഭാഗങ്ങൾക്കും ഒരേതരം പരിഗണനയാണ് നൽകുന്നതെന്നും മേയർ അറിയിച്ചു. തിരുവനന്തപുരം നഗരസഭയിൽ തിരഞ്ഞെടുക്കപ്പെട്ട ഉത്തരവാദപ്പെട്ട കൗൺസിലർമാർ നടത്തിയ ഹോമം സർക്കാർ സ്ഥാപനങ്ങളെയും കേരളത്തിന്റെ മതേതര സ്വഭാവത്തെയും അട്ടിമറിക്കുന്നതിനുവേണ്ടി ബോധപൂർവ്വം നടത്തിയ ഇടപെടലാണെന്നും മേയർ അഭിപ്രായപ്പെട്ടു.

ഇത്തരം പ്രവണതകൾ വച്ചുപുലർത്തുന്നത് ചില പ്രത്യേക ലക്ഷ്യത്തോടുകൂടി കേരളത്തെ വർഗീയ കലാപത്തിന്റെ വേദിയാക്കുന്നതിനൂകൂടി വേണ്ടിയാണ്. നാളിതുവരെയും കേരളത്തിലെ യാതൊരു സർക്കാർ സ്ഥാപനത്തിലും നടക്കാത്ത തരത്തിലാണ് നഗരസഭയിലെ ഉത്തരവാദപ്പെട്ട കൗൺസിലർമാരുടെ നേതൃത്വത്തിൽ ഒരു പ്രത്യേക മതാചാരത്തിന്റെ ഭാഗമായുള്ള ഹോമം നടത്തിയത്. എത്രമാത്രം ദുഷ്ടലാക്കോടുകൂടിയാണ് ഇത്തരം ആൾക്കാർ പ്രവർത്തിക്കുന്നത് എന്നുള്ളതിന്റെ ദൃഷ്ടാന്തമാണിതെന്നും മേയർ അഭിപ്രായപ്പെട്ടു. ഏത് പാർട്ടിയിൽപ്പെട്ടവരായാലും ഇത്തരം പ്രവണതകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട കൗൺസിലർമാർ മാറിനിൽക്കണമെന്നും കേരളത്തിന്റെ മതേതര സ്വഭാവം സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ ഇടപെടണമെന്നും മേയർ അഭ്യർത്ഥിച്ചു.

നഗരസഭയുടെ മതേതര സ്വഭാവം തകർക്കാനുള്ള യാതൊരു നീക്കത്തെയും അതിശക്തമായി എതിർക്കുമെന്നും മേയർ അറിയിച്ചു.

## ഇന്ത്യയിൽനിന്ന് 50 കോടി ഡോളറിന്റെ വായ്പ തേടി ശ്രീലങ്ക

കൊളംബോ: കടുത്ത സാന്പത്തിക പ്രതിസന്ധി നേരിടുന്ന ശ്രീലങ്ക ഇന്ധനവില നൽകുന്നതിനായി 50 കോടി ഡോളറിന്റെ വായ്പാ സഹായം ഇന്ത്യയോടു തേടി. രാജ്യത്ത് ഇന്ധനലഭ്യത ജനുവരി വരെ മാത്രമേ ഉണ്ടാകാൻ സാധ്യതയുള്ളൂയെന്നു കഴിഞ്ഞ ദിവസം ഊർജമന്ത്രി ഉദയ ഗമ്മാൻപില പറഞ്ഞിരുന്നു. ഇതിനു പിന്നാലെയാണു ലങ്ക ഔദ്യോഗികമായി ഇന്ത്യയുടെ സഹായം തേടിയത്.

സർക്കാർ ഉടമസ്ഥതയിലുള്ള സിലോൺ പെട്രോളിയം കോർപറേഷൻ 330 കോടി ഡോളറിന്റെ വായ്പ സിലോൺ ബാങ്കിൽനിന്നും പീപ്പിൾസ് ബാങ്കിൽനിന്നും ആവശ്യപ്പെട്ടിട്ടുണ്ട്. അറബ് രാജ്യങ്ങളിൽനിന്നും സിംഗപ്പൂരിൽനിന്നുമാണു ശ്രീലങ്ക കൂടുതൽ ക്രൂഡ് ഓയിൽ ഇറക്കുമതി ചെയ്യുന്നത്.

ഇന്ത്യശ്രീലങ്ക സാന്പത്തിക സഹകരണത്തിന്റെ ഭാഗമായി ഇന്ത്യൻ ഹൈക്കമ്മീഷനിൽനിന്ന് 50 കോടി ഡോളറിന്റെ സഹായം ആവശ്യപ്പെട്ടതായി സിലോൺ പെട്രോളിയം കോർപറേഷൻ (സിപിസി) ചെയർമാൻ സുമിത് വിജയ്സിംഗ പറഞ്ഞു. പെട്രോളും ഡീസലും വാങ്ങുന്നതിനു വേണ്ടിയാണു പണം ആവശ്യപ്പെട്ടതെന്നും അദ്ദേഹം പറഞ്ഞു.

ഇരു രാജ്യത്തെയും പെട്രോളിയം സെക്രട്ടറിമാർ കരാറിൽ ഒപ്പുവയ്ക്കുമെന്നും വായ്പ വൈകാതെ ലഭിക്കുമെന്നും അദ്ദേഹം പറഞ്ഞു. കോവിഡ് മഹാമാരിയെത്തുടർന്ന് ശ്രീലങ്കയിൽ കടുത്ത സാന്പത്തിക പ്രതിസന്ധിയാണ് അനുഭവപ്പെടുന്നത്. പ്രധാന വരുമാന മാർഗമായ ടൂറിസം രംഗം നിശ്ചലമായതോടെ രാജ്യത്തെ ജിഡിപി 3.6 ശതമാനം ചുരുങ്ങി. ശ്രീലങ്കൻ രൂപയുടെ മൂല്യം ഡോളറുമായി താരതമ്യം ചെയ്യുന്പോൾ ഒന്പതു ശതമാനം താണു.

## കായംകുളം താപനിലയത്തിലെ നാഫ്ത ഇന്ധനം ഗുജറാത്തിലേക്ക് മാറ്റുന്നു

കായംകുളം: പ്രവർത്തനം അവസാനിപ്പിച്ച കായംകുളം താപനിലയത്തിൽ അവശേഷിക്കുന്ന നാഫ്ത ഇന്ധനം ഗുജറാത്തിലേക്ക് കൊണ്ടുപോകാൻ തീരുമാനം. 225 മെട്രിക് ടൺ നാഫ്തയാണ് നിലയത്തിലുള്ളത്. റോഡ് മാർഗം ടാങ്കർ ലോറികളിൽ ഇന്ധനം കൊണ്ടുപോകുന്നതിന് അനുമതി തേടിയിരിക്കുകയാണ് അധികൃതർ. മിക്കവാറും ഈ മാസം അവസാനത്തോടെ കായംകുളത്തുനിന്ന് ടാങ്കറുകൾ പുറപ്പെടും. ഏഴു വർഷത്തിലധികമായി അടച്ചിട്ട നിലയത്തിൽ വർഷങ്ങളായി സംഭരിച്ച നാഫ്ത എൻടിപിസിക്ക് വലിയ ബാധ്യതയായിരുന്നു. സംഭരണികളുടെ സുരക്ഷയും രാസപ്രക്രിയയിലൂടെയുണ്ടാകുന്ന നഷ്ടവും ചേർന്ന് ഓരോ വർഷവും കോടികളാണ് കോർപറേഷന് ബാധ്യതയുണ്ടായത്. ഇതേതുടർന്ന് ഇന്ധനം ഉപയോഗിച്ചു തീർക്കാൻ എൻടിപിസിയും കെഎസ്ഇബി യും തമ്മിൽ ധാരണയുണ്ടാക്കി. അന്ന് യൂണിറ്റിന് 7.50 രൂപ ചെലവുണ്ടായിട്ടും 3.50 രൂപ നിരക്കിലാണ് കെഎസ്ഇബിക്കു വൈദ്യുതി നൽകിയത്. ഇന്ധനം ഉപയോഗിച്ചു തീർക്കാൻ വലിയതോതിൽ വൈദ്യുതി ഉല്പാദിപ്പിച്ചെങ്കിലും സംഭരണികളുടെ അടിത്തട്ടിൽനിന്ന് നാഫ്ത ഉപയോഗിക്കാൻ പ്രായോഗിക ബുദ്ധിമുട്ടുണ്ടായി. പദ്ധതി പ്രദേശത്തെയും ചേപ്പാട് റയിൽവേ സ്റ്റേഷനു സമീപത്തെ ബിപിസിഎൽ യാർഡിലെയും സംഭരണികളിലായാണ് നാഫ്ത അവശേഷിക്കുന്നത്. കൽക്കരി ക്ഷാമത്തെ തുടർന്നു രാജ്യം കടുത്ത വൈദ്യുതിപ്രതിസന്ധി നേരിടുകയാണെങ്കിലും നാഫ്ത ഇന്ധനമായ കായംകുളം നിലയത്തിലെ ഉൽപാദനച്ചെലവ് വളരെ കൂടുതലായതിനാൽ ഉല്പാദനം പുനരാരംഭിക്കുന്നതുപോലും അസാധ്യമായതോടെയാണ് നാഫ്ത ഗുജറാത്തിലേക്ക് കൊണ്ടുപോകാൻ തീരുമാനിച്ചത്.

## തിരക്കില്ലാത്തപ്പോൾ പകുതി തുക; ടിക്കറ്റ് നിരക്കിൽ ഇളവുമായി കൊച്ചി മെട്രോ

കൊച്ചി: കൊച്ചി മെട്രോ ബുധനാഴച മുതൽ ഫ്ലെക്സി ഫെയർ സംവിധാനം നടപ്പാക്കാൻ തീരുമാനം. യാത്ര നിരക്ക് കുറയ്ക്കണമെന്ന ഉപഭോക്താക്കളുടെ അഭിപ്രായങ്ങൾ മാനിച്ചാണ് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിൻറെ (കെഎംആർഎൽ) തീരുമാനം.

ഫ്ലെക്സി ഫെയർ സിസ്റ്റത്തിൽ തിരക്ക് കുറഞ്ഞ സമയങ്ങളിൽ രാവിലെ ആറ് മുതൽ എട്ടു വരെയും രാത്രി എട്ടു മുതൽ മുതൽ പത്തരവരെയും വരെയും എല്ലാ യാത്രക്കാർക്കും ടിക്കറ്റ് നിരക്കിൻറെ പകുതി മാത്രം നൽകിയാൽ മതിയാകും.

കൊച്ചി 1 കാർഡ് ഉടമകൾക്കും (ട്രിപ്പ് പാസ്) അവരുടെ കാർഡിലെ തുകയിലെ വ്യത്യാസത്തിൻറെ ക്യാഷ് ബാക്ക് ലഭിക്കും. ക്യു ആർ ടിക്കറ്റുകൾ, കൊച്ചി 1 കാർഡ്, കൊച്ചി 1 കാർഡ് ട്രിപ്പ് പാസ് എന്നിവ ഉപയോഗിച്ച് യാത്ര ചെയ്യുന്ന എല്ലാ യാത്രക്കാർക്കും ഈ പ്രയോജനം ലഭിക്കുമെന്ന് കെഎംആർഎൽ അറിയിച്ചു.

## വിദ്യാർത്ഥിനിയെ പീഡിപ്പിച്ച് ആഭരണങ്ങളും പണവും തട്ടിയ ആൾ പിടിയിൽ

വെള്ളറട: ഫേസ്ബുക്കിലൂടെ പ്രണയം നടിച്ച് വിദ്യാർത്ഥിനിയെ പീഡിപ്പിച്ച് ആഭരണങ്ങളും പണവും തട്ടിയ ആൾ പൊലീസ് പിടിയിലായി. ചെറിയകൊല്ല പുന്നാക്കര വാറുവിളാകത്തു വീട്ടിൽ അനു(21) ആണ് പിടിയിലായത്. ഫേസ്ബുക്കിലൂടെ പ്രണയം നടിച്ച് സ്കൂൾ വിദ്യാർത്ഥിനിയെ പാട്ടിലാക്കി ഒരു വർഷത്തോളമായി പീഡിപ്പിക്കുകയായിരുന്നു. കുട്ടിയുടെ സ്വർണാഭരണങ്ങളും പണവും ഇയാൾ പലപ്പോഴായി കൈക്കലാക്കിയിരുന്നു. വെള്ളറട സിഐ എം ആർ മൃദുൽ കുമാറിന്റെ നേതൃത്വത്തിലുള്ള സംഘമാണ് പ്രതിയെ പിടികൂടിയത്. പണയം വച്ചിരുന്ന സ്വർണാഭരണങ്ങൾ സ്വാകാര്യ പണമിടപാട് സ്ഥാപനത്തിൽ നിന്നും കണ്ടെത്തി. എസ്ഐ ഉണ്ണികൃഷ്ണൻ നായർ, എഎസ്ഐമാരായ സുനിൽകുമാർ, ശശികുമാർ, ബൈജു, എസ്സിപിഒ അജി, സിപിഒമാരായ ദീപു, പ്രതീപ്, സജിൻ, ജീജ, ഷീജ എന്നിവരടങ്ങുന്ന സംഘമാണ് പ്രതിയെ പിടികൂടിയത്. പോസ്കോ നിയമപ്രകാരംപ്രതിയെ കോടതി റിമാൻഡ് ചെയ്തു.

## വാക്സിൻ സ്വീകരിച്ചവർക്കും ഇന്ന് കോവിഡ്

തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്ന് കോവിഡ് സ്ഥിരീകരിച്ച 6676 പുതിയ രോഗികളിൽ 5657 പേർ വാക്സിനേഷന് അർഹരായിരുന്നു. ഇവരിൽ 1636 പേർ ഒരു ഡോസ് വാക്സിനും 2217 പേർ രണ്ടു ഡോസ് വാക്സിനും എടുത്തിരുന്നു. എന്നാൽ 1804 പേർക്ക് വാക്സിൻ ലഭിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

വാക്സിനേഷൻ എടുക്കേണ്ട ജനസംഖ്യയുടെ 93.9 ശതമാനം പേർക്ക് ഒരു ഡോസ് വാക്സിനും (2,50,97,656), 45.9 ശതമാനം പേർക്ക് രണ്ട് ഡോസ് വാക്സിനും (1,22,73,031) നൽകി. ഇന്ത്യയിൽ ഏറ്റവും കൂടുതൽ വാക്സിനേഷൻ/ ദശലക്ഷം ഉള്ള സംസ്ഥാനം കേരളമാണ് (10,46,814).

ഒക്ടോബർ 11 മുതൽ 17 വരെയുള്ള കാലയളവിൽ, ശരാശരി 98,321 കേസുകൾ ചികിത്സയിലുണ്ടായിരുന്നതിൽ 2 ശതമാനം പേർക്ക് മാത്രമാണ് ഓക്സിജൻ കിടക്കകളും 1.5 ശതമാനം പേർക്ക് മാത്രമാണ് ഐസിയുവും ആവശ്യമായി വന്നത്. ഈ കാലയളവിൽ, കഴിഞ്ഞ ആഴ്ചയുമായി താരതമ്യം ചെയ്യുമ്പോൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന പുതിയ കേസുകളിൽ ഏകദേശം 15,073 കുറവ് ഉണ്ടായി. പുതിയ കേസുകളുടെ വളർച്ചാ നിരക്കിൽ മുൻ ആഴ്ചയുമായി താരതമ്യപ്പെടുത്തുമ്പോൾ 20 ശതമാനവും കുറവ് ഉണ്ടായിട്ടുണ്ട്. നിലവിൽ രോഗം സ്ഥിരീകരിച്ച് ചികിത്സയിലുള്ള രോഗികൾ, ആശുപത്രികൾ, ഫീൽഡ് ആശുപത്രികൾ, ഐസിയു, വെൻറിലേറ്റർ, ഓക്സിജൻ കിടക്കകൾ എന്നിവിടങ്ങളിലെ രോഗികളുടെ എണ്ണം എന്നിവ മുൻ ആഴ്ചയുമായി താരതമ്യപ്പെടുത്തുമ്പോൾ ഈ ആഴ്ചയിൽ യഥാക്രമം 20 ശതമാനം, 15 ശതമാനം, 36 ശതമാനം, 13 ശതമാനം, 16 ശതമാനം, 22 ശതമാനം കുറഞ്ഞു.




സഫായി കർമചാരി സമിതിയുടെ ജില്ലാതല അവലോകന യോഗം കളക്ടറേറ്റിലെ ആത്മ കോൺഫറൻസ് ഹാളിൽ

# പാലത്തിൽ തിരക്ക്! ടിവി, ഫ്രഡ്ജ്, കട്ടിൽ, കതക്, സിലിണ്ടർ, തടി ഉരുപ്പടികൾ...

പുളിങ്കുന്ന്: ആലപ്പുഴ പുളിങ്കുന്ന് താലൂക്ക് ആശുപത്രിക്കു മുന്നിലെ പാലത്തിനു സമീപത്തെ കാഴ്ചകൾ കണ്ടാൽ ആരുടെയും ചങ്ക് തകരും. ഉരുൾ വെള്ളം നിരവധി കുടുംബങ്ങളുടെ സ്വത്തു വകകളും ജീവനോപാദികളുമൊക്കെ നക്കിത്തുടച്ചു കുതിച്ചൊഴുകിയതിന്റെ നേർക്കാഴ്ച. കിഴക്കൻ വെള്ളത്തിനൊപ്പമെത്തിയ വസ്തുക്കൾ മരങ്ങളുടെ അവശിഷ്ടങ്ങൾക്കൊപ്പം പാലത്തിൽ തങ്ങി കെട്ടിക്കിടക്കുകയാണ്.

മരം അടക്കമുള്ളവ ശക്തമായി വന്നിടിച്ചു പാലത്തിനു വിള്ളൽ സംഭവിച്ചതിനാൽ ഇന്നലെ രാത്രി ഈ പാലം വഴിയുള്ള ഗതാഗതം പോലീസ് നിരോധിച്ചു. ചങ്ങാടം പോലെയാണ് മരങ്ങളും മുളകളും മറ്റ് അവശിഷ്ടങ്ങളുമൊക്കെ വന്നടിഞ്ഞത്. ആളുകൾക്ക് ഇതിന്റെ മുകളിലൂടെ കയറി നടക്കാവുന്നത്ര തിങ്ങിയാണ് ഇവ പാലത്തിനു സമീപം അടിഞ്ഞത്.

ഒഴുക്കിന്റെ ശക്തിയാണ് ഇവ ചങ്ങാടം പോലെ നിറഞ്ഞത്. ടിവി, ഫ്രിഡ്ജ്, പുതിയ കതകുകൾ, കട്ടിളകൾ, കട്ടിലുകൾ, മറ്റ് തടി ഉരുപ്പടികൾ, ഫർണിച്ചറുകൾ, ഗ്യാസ് സിലിണ്ടറുകൾ, പ്ലാസ്റ്റിക് ഗൃഹോപകരണങ്ങൾ തുടങ്ങിയവയൊക്കെയാണ് അവശിഷ്ടങ്ങൾക്കൊപ്പം അടിഞ്ഞുകൂടിയത്. കാര്യമായ കേടുപറ്റാത്ത നിരവധി ഉപകരണങ്ങൾ ഉണ്ടായിരുന്നു.

മലവെള്ളത്തിൽ വീടുകളും കടകളും ഒന്നായി ഒഴുകിപ്പോന്നതിനൊപ്പം വന്നവയാണ് ഇവയൊക്കെ. പുതിയ കതകുകളും മറ്റും അവയുടെ ഷോറും തകർന്ന് ഒഴുകിയെത്തിയതാണെന്നു സംശയിക്കുന്നുണ്ട്. ഇന്നലെ കാഴ്ചക്കാരിൽ പലരും ഇങ്ങനെ അടിഞ്ഞുകൂടിയവയിൽനിന്നു കാര്യമായ കേടുപറ്റാത്ത ഗൃഹോപകരണങ്ങളും ഉരുപ്പടികളുമൊക്കെ എടുത്തുകൊണ്ടുപോയി.

ആക്രി പെറുക്കുന്നവർക്കും ദിവസങ്ങളോളം ശേഖരിക്കാവുന്നത്ര അവശിഷ്ടങ്ങൾ ഇനിയും ഇവിടെ കെട്ടിക്കിടക്കുകയാണ്. അതേസമയം, പുളിങ്കുന്ന് ആറിനു കുറുകെയുണ്ടായിരുന്ന പാലം അടച്ചതു ജനങ്ങളുടെ ജീവിതം ദുരിതപൂർണമാക്കി.

പുളിങ്കുന്ന് എൻജിനിയറിംഗ് കോളജ് വന്നതിനോടനുബന്ധിച്ചു നിർമിച്ചതാണ് ഈ പാലം. ഒരു സമയം ഒരേ ദിശയിലേക്കേ ഗതാഗതം ഉണ്ടായിരുന്നുള്ളെങ്കിലും ജനങ്ങൾക്കു വലിയ ഉപകാരമായിരുന്നു. പാലം എത്രയും വേഗം പുനർനിർമിക്കണമെന്ന് നാട്ടുകാർ ആവശ്യപ്പെട്ടു.

# സാമ്പത്തിക തട്ടിപ്പ് : ലീന മരിയ പോളിന്റെ കസ്റ്റഡി നീട്ടി

## ബോളിവുഡ് നടി ജാക്വലിൻ ഫെർണാണ്ടസ് ചോദ്യംചെയ്യലിന് ഹാജരായില്ല

ന്യൂഡൽഹി: സാമ്പത്തിക തട്ടിപ്പ് കേസിൽ നടി ലീന മരിയ പോളിന്റെ കസ്റ്റഡി കാലാവധി ഒക്ടോബർ 23 വരെ നീട്ടി. ഡൽഹിയിലെ കോടതിയാണ് കസ്റ്റഡി കാലാവധി നീട്ടിനൽകിയത്. 200 കോടി രൂപയുടെ സാമ്പത്തിക തട്ടിപ്പ് കേസിൽ ലീനയ്ക്ക് സുപ്രധാനമായ പങ്കുണ്ടെന്നും കസ്റ്റഡി അനുവദിച്ചില്ലെങ്കിൽ അന്വേഷണം മന്ദീഭവിക്കുമെന്നും എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ്(ഇഡി) കോടതിയെ അറിയിച്ചിരുന്നു. തുടർന്നാണ് കസ്റ്റഡി കാലാവധി നീട്ടിനൽകിയിരിക്കുന്നത്.

വ്യവസായിയുടെ ഭാര്യയിൽനിന്ന് 200 കോടി രൂപ തട്ടിയെടുത്തെന്ന കേസിൽ ലീന കുറ്റകൃത്യത്തിന്റെ ഗുണഭോക്താവ് മാത്രമല്ലെന്നും മുഖ്യപ്രതിയായ സുകേഷ് ചന്ദ്രശേഖറിനൊപ്പം പങ്കാളിയാണെന്നും ഇഡി പറഞ്ഞു. ലീനയുടെ നിർദ്ദേശങ്ങൾക്കനുസരിച്ചാണ് സാമ്പത്തിക ഇടപാടുകൾ നടന്നത്. ഈ പണം എവിടെനിന്ന് വന്നു തുടങ്ങിയ കാര്യങ്ങൾ അറിയേണ്ടതുണ്ട്. അന്വേഷണം ഇപ്പോഴും പൂർത്തിയായിട്ടില്ല. അതിനാൽ കസ്റ്റഡി നീട്ടിനൽകിയില്ലെങ്കിൽ അന്വേഷണത്തെ ബാധിക്കുമെന്നും ഇഡി വാദിച്ചു. കസ്റ്റഡി കാലയളവിൽ പ്രതിക്ക് കോവിഡ് ബാധിക്കാതിരിക്കാൻ കൃത്യമായ അകലം ഉറപ്പാക്കുമെന്നും ഇഡി പറഞ്ഞു.

ലീന മരിയ പോളിന്റെ ഉടമസ്ഥതയിലുള്ള 'നെയിൽ ആർട്ടിസ്ട്രി' എന്ന കമ്പനി ചെന്നൈയിൽ 4.79 കോടി രൂപയുടെയും കൊച്ചിയിൽ 1.21 കോടിയുടെയും നിക്ഷേപം നടത്തിയിട്ടുണ്ട്. ഈ പണം കുറ്റകൃത്യത്തിൽനിന്ന് ലഭിച്ച പണമാണെന്നും ഇവരുടെ മൂന്ന് മൊബൈൽ ഫോണുകളിൽനിന്നുള്ള വിവരങ്ങൾ വീണ്ടെടുത്തിട്ടുണ്ടെന്നും ഇഡി പറഞ്ഞു.

ഫോർട്ടിസ് ഹെൽത്ത് കെയർ പ്രമോട്ടർ ശിവീന്ദർ മോഹൻ സിങ്ങിന്റെ ഭാര്യ അദിതി സിങ്ങിനെ കബളിപ്പിച്ച് 200 കോടി രൂപ തട്ടിയെടുത്തെന്ന പരാതിയിലാണ് സുകേഷ് ചന്ദ്രശേഖർ, ലീന മരിയ പോൾ തുടങ്ങിയവരെ അറസ്റ്റ് ചെയ്തത്. കള്ളപ്പണം വെളുപ്പിക്കൽ കേസിൽ അറസ്റ്റിലായ ശിവീന്ദർ സിങ്ങിനെ ജാമ്യത്തിലിറക്കാമെന്ന് വാഗ്ദാനം ചെയ്തായിരുന്നു തട്ടിപ്പ്.

200 കോടിയുടെ തട്ടിപ്പ് കേസിൽ ചോദ്യം ചെയ്യലിന് ഹജരാകാൻ ഇഡി ആവശ്യപ്പെട്ടിരുന്നെങ്കിലും മൂന്നാം വട്ടവും ബോളിവുഡ് നടി ജാക്വലിൻ ഫെർണാണ്ടസ് മൂന്നാംവട്ടവും ഹാജരായില്ല. പ്രഫഷനൽ തിരക്ക് മൂലമാണ് ഏജൻസിക്ക് മുമ്പിൽ ഹാജരാകാൻ കഴിയാത്തതെന്നാണ് അറിയിച്ചിരിക്കുന്നത്. കേസിൽ ഉൾപ്പെട്ട ദമ്പതികളോടൊപ്പം ജാക്വലിനെ ചോദ്യം ചെയ്യണമെന്നാണ് ഇഡി ആവശ്യപ്പെടുന്നത്. കഴിഞ്ഞ വെള്ളിയാഴ്ച ഡൽഹി ഓഫീസിലെത്തണമെന്ന് ഇഡി ആവശ്യപ്പെട്ടിരുന്നു. അന്ന് വരാത്തതിനെ തുടർന്ന് തിങ്കളാഴ്ചയെത്താൻ നിർദേശിച്ചിരിക്കുകയാണ്.

കേസിൽ ബോളിവുഡ് നടി നോറ ഫത്തേഹിയെയും ഓഗസ്റ്റ് 30ന് ജാക്വലിനെയും ഇഡി ചോദ്യം ചെയ്തിരുന്നു. സാക്ഷിയായാണ് ജാക്വലിനെ ചോദ്യം ചെയ്തിരുന്നത്. ഇരുവരെയും സുകേഷ് ചന്ദ്രശേഖർ കെണിയിൽ വീഴ്ത്തിയെന്നാണ് ഇഡിയുടെ പ്രാഥമിക വിലയിരുത്തൽ. കേസിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന് പുറമേ, ഡൽഹി പൊലീസിന്റെ സാമ്പത്തിക കുറ്റകൃത്യ വിഭാഗവും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

# ദുരന്ത കാരണം ലഘു മേഘവിസ്ഫോടനം

കൊച്ചി: സംസ്ഥാനത്ത് കഴിഞ്ഞ ദിവസം ആർത്തലച്ച് പെയ്ത മഴ മേഘവിസ്ഫോടനത്തെ തുടർന്നെന്ന് വിദഗ്ധർ. കൊച്ചിൻ ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ സെന്റർ ഫോർ അറ്റ്മോസ്ഫറിക് റിസർച്ച് സെന്ററാണ് ഇത് സംബന്ധിച്ച് വിവരം പുറത്തുവിട്ടത്. മഴ സംഹാരതാണ്ഡവമാടിയ കൂട്ടിക്കലിലും കൊക്കയാറിലും ഉണ്ടായത് മേഘവിസ്ഫോടനമെന്ന പ്രതിഭാസമാണെന്നാണ് വിദഗ്ധർ ചൂണ്ടിക്കാട്ടുന്നത്. എന്നാൽ ഈ കണ്ടെത്തൽ തള്ളി മറ്റൊരുവിഭാഗവും രംഗത്തുണ്ട്. ന്യൂനമർദ്ദമാണ് കനത്ത മഴയ്ക്ക് കാരണമെന്നും മേഘവിസ്ഫോടനമുണ്ടായിട്ടില്ലെന്നും ഇക്കൂട്ടർ അവകാശപ്പെടുന്നു.

ചുരുങ്ങിയ സമയത്തിൽ തോരാതെ പെയ്ത് വലിയ നാശനഷ്ടങ്ങൾ ഉണ്ടാക്കുന്ന പെരുമഴയ്ക്ക് കാരണം ലഘുമേഘ വിസ്ഫോടനമാണെന്നാണ് കുസാറ്റ് സെന്റർ ഫോർ അറ്റ്മോസ്ഫറിക് റിസർച്ച് സെന്റർ ചൂണ്ടിക്കാണിക്കുന്നത്. അസാധാരണമായി രൂപംകൊള്ളുന്ന മേഘകൂമ്പാരങ്ങളാണ് പലയിടത്തും രണ്ട് മണിക്കൂറിൽ അഞ്ച് സെന്റിമീറ്ററിലധികം തീവ്രമഴയായി പെയ്തിറങ്ങിയത്. അറബിക്കടലിലെ ന്യൂനമർദ്ദ വിശകലനത്തിൽ മാത്രം പ്രവചനം ചുരുങ്ങിയാൽ മുന്നറിയിപ്പില്ലാത്തതിനാൽ പ്രാദേശികമായ ദുരന്തങ്ങൾ ഇനിയും ആവർത്തിച്ചേക്കാമെന്നും റിസർച്ച് സെന്റർ മുന്നറിയിപ്പ് നൽകുന്നു. ശനിയാഴ്ച്ച രാവിലെ മുതൽ കേരളത്തിന്റെ ആകാശം മേഘാവൃതമായി ഇരുൾ മൂടിയിരുന്നു. എന്നാൽ ഇതിൽ തന്നെ കൂടുതൽ തീവ്രമായ ചെറു മേഘകൂട്ടങ്ങൾ കണ്ട സ്ഥലങ്ങളിലാണ് മഴ ശക്തമായി പെയ്തത്. കഴിഞ്ഞ ചൊവ്വാഴ്ചക്ക് ശേഷം മഴ വിട്ടുനിന്ന സംസ്ഥാനത്ത് ശനിയാഴ്ച്ചത്തെ മഴയിലാണ് ഉരുൾപൊട്ടി ദുരന്തങ്ങളും പെയ്തിറങ്ങിയത്. കോട്ടയം, ഇടുക്കി ജില്ലകളിലെ മലയോരമേഖലകളിൽ ചെറിയ പ്രദേശത്ത്, കുറഞ്ഞ സമയത്തിലാണ് തീവ്രമഴ എത്തിയത്. ഈ അടിസ്ഥാനത്തിലാണ് 2019ന് സമാനമായ പ്രളയഭീതിയിലേക്ക് മധ്യകേരളമെത്തിയതിന് കാരണം ലഘു മേഘ വിസ്ഫോടനമെന്ന് വിലയിരുത്തുന്നത്. 2018ലെയും, 19ലെയും മഴയുടെ രീതി നിരീക്ഷിച്ച പഠനസംഘം സമാനമായ കാലാവസ്ഥയാണ് നിലവിലേതെന്നും വ്യക്തമാക്കുന്നു. ഒരു മണിക്കൂറിൽ പത്ത് സെന്റിമീറ്ററിലധികം തീവ്രമഴ പെയ്യുമ്പോഴാണ് കേന്ദ്ര കാലാവസ്ഥ നിരീക്ഷണ കേന്ദ്രത്തിന്റെ മാനദണ്ഡപ്രകാരം മേഘവിസ്ഫോടനങ്ങളാണെന്ന് വിലയിരുത്തുന്നത്. ഈ സാഹചര്യം രാജ്യത്ത് ഹിമാലയത്തിലും, വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിലുമാണ് കണ്ടുവരുന്നത്. എന്നാൽ കേരളത്തിന്റെ ഭൂപ്രകൃതിയിൽ രണ്ട് മണിക്കൂറിൽ അഞ്ച് സെന്റിമീറ്റർ മഴ പെയ്താൽ പോലും അപകടമാണ്. 2019ൽ സംഭവിച്ചതുപോലെ പെട്ടെന്ന് മണ്ണിടിച്ചിലും, ഉരുൾപൊട്ടലും വെള്ളപ്പൊക്കത്തിനും അത് വഴിവയ്ക്കും. പ്രാദേശികമായ കാലാവസ്ഥ പ്രവചനങ്ങൾക്ക് ജില്ല അടിസ്ഥാനത്തിൽ റഡാർ സംവിധാനങ്ങൾ ഒരുക്കണമെന്നും കാലാവസ്ഥ നിരീക്ഷകർ അഭിപ്രായപ്പെടുന്നു.

# അപ്പർ കുട്ടനാട് വെള്ളത്തിൽ, ജനങ്ങൾ പ്രളയഭീതിയിൽ

എടത്വ: കിഴക്കൻ വെള്ളത്തിന്റെ വരവു ശക്തമായതോടെ അപ്പർകുട്ടനാട് വെള്ളത്തിനടിയിലായി. നിരവധി വീടുകളും റോഡുകളും വെള്ളത്തിലായി. അപ്പർ കുട്ടനാട് പ്രളയഭീതിയിലാണ്. പെരുമഴയിലും കിഴക്കൻ വെള്ളത്തിന്റെ കുത്തൊഴുക്കിലും അപ്പർ കുട്ടനാട്ടിലെ ഏഴോളം പഞ്ചായത്തുകൾ പൂർണമായും വെള്ളത്തിൽ മുങ്ങിയതാണ് പ്രളയഭീതി ഇരട്ടിച്ചത്. ജലനിരപ്പ് അപകട നിലയിലാണ് ഉയരുന്നത്. ജലനിരപ്പ് ക്രമാതീതമായി ഉയർന്നതോടെ ജനങ്ങളെ ക്യാമ്പുകളിലേക്കു മാറ്റി പാർപ്പിക്കാൻ തുടങ്ങി. ജനപ്രതിനിധികളും ഫയർ ഫോഴ്സും സന്നദ്ധ പ്രവർത്തകരും രക്ഷാപ്രവർത്തനം ഏ റ്റെടുത്തു. താഴ്ന്ന പ്രദേശങ്ങൾ എല്ലാം വെള്ളത്തിലാണ്. ഗ്രാമീണ മേഖലകൾ ഒറ്റപ്പെട്ട അവസ്ഥയാണ്.

തിരുവല്ലാഅമ്പലപ്പുഴ സംസ്ഥാന പാതിയിൽ നെടുമ്പ്രത്ത് റോഡിൽ വെള്ളം കയറി. നീരേറ്റുപുറംകിടങ്ങറ, എടത്വമാമ്പുഴക്കരി, എടത്വവേഴപ്രാ, എന്നീ റോഡുകളിലും വെള്ളം കയറിയിട്ടുണ്ട്. പമ്പാനദിയിലേയും മണിമലയാറ്റിലേയും ജലനിരപ്പ് അപകട നിലയിൽ ഉയരുന്നു. 24 മണിക്കൂറിനുള്ളിൽ നദികളിലെ ജലനിരപ്പ് രണ്ടുമീറ്ററോളം ഉയർന്നിട്ടുണ്ട്. പ്രാദേശിക തോടുകളും ഇടത്തോടുകളും കരകവിഞ്ഞ് ഒഴുകുകയാണ്. നെടുമ്പ്രം, നിരണം, മുട്ടാർ, തലവടി, എടത്വ, വീയപുരം, തകഴി പഞ്ചായത്തുകളിലാണ് ജലനിരപ്പ് ക്രമാതീതമായി ഉയരുന്നത്. തലവടി കുതിരച്ചാൽ പുതുവൽ കോളനിയിലെ നിരവധി കുടുംബങ്ങളെ ക്യാമ്പുകളിലേക്കു മാറ്റി. അപ്പർ കുട്ടനാട്ടിൽ ആദ്യം വെള്ളത്തിൽ മുങ്ങുന്ന പ്രദേശമാണ് കുതിരച്ചാൽ കോളനി. തലവടി പഞ്ചായത്തിലെ ഒട്ടുമിക്ക വാർഡുകളിലും ഇതേ അവസ്ഥയാണ് നിലനിൽക്കുന്നത്.

വീടുകളിൽ നിന്നും വൃദ്ധരേയും സ്ത്രീകളേയും കുട്ടികളേയും വള്ളങ്ങളിലും ചെങ്ങാടങ്ങളിലും ഉയർന്ന സ്ഥലത്തേയ്ക്ക് മാറ്റി. നദീതീരങ്ങളിൽ താമസിക്കുന്നവർ ഒറ്റപ്പെട്ട അവസ്ഥയിലാണ്. തലവടി, മുട്ടാർ, വീയപുരം, എടത്വ പഞ്ചായത്തുകളിൽ നിരവധി ക്യാമ്പുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കോവിഡ് പശ്ചാത്തലത്തിൽ പനിയുള്ളവരെ പ്രത്യേകം സ്ഥലങ്ങളിൽ പാർപ്പിക്കാനാണ് തീരുമാനം. നെൽകർഷകരും ആശങ്കയിലാണ്. മഴ അല്പം ശമിച്ചെങ്കിലും കിഴക്കൻ വെള്ളത്തിന്റെ വരവു നിലച്ചില്ല. മരിയാപുരം പോച്ച റോഡിലെ എംപി പാലത്തിൽ മാലിന്യങ്ങൾ അടിഞ്ഞ അവസ്ഥയിലാണ്.

# സംസ്ഥാനത്ത് സ്ത്രീപീഡനങ്ങൾ വർധിക്കുന്നു; അഞ്ചു വർഷത്തിനിടെ 66 മരണം

കൊച്ചി: സംസ്ഥാനത്ത് സ്ത്രീപീഡനങ്ങൾ വർധിക്കുന്നതായി റിപ്പോർട്ട്. കേരള പോലീസിന്റെ്രൈ കം റിക്കാർഡുകൾ പ്രകാരം സംസ്ഥാനത്ത് കഴിഞ്ഞ അഞ്ചു വർഷത്തിനിടെ നടന്നത് 66 സ്ത്രീപീഡന മരണങ്ങളാണ്.

2016ൽ 25 പേരും, 2017ൽ 12 ഉം, 2018ൽ 17 ഉം, 2019ലും 2020ലും ആറു വീതം പേരും മരിച്ചതായാണ് ഔദ്യോഗിക കണക്കുകൾ. കേരള പോലീസിന്റെ കണക്കുകൾ പ്രകാരം 2016 ജനുവരി മുതൽ 2021 ഏപ്രിൽ വരെയുള്ള കാലയളവിൽ 74,679 കേസുകളാണ് സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങളുമായി ബന്ധപ്പെട്ട് കേരളത്തിൽ രജിസ്റ്റർ ചെയ്തത്.2016ൽ 15,114, 2017 ൽ 14,263, 2018ൽ 13,643, 2019ൽ 14,293, 2020ൽ 12,659, 2021 ഏപ്രിൽ വരെ 4,707 എന്നിങ്ങനെയാണ്. ഇതിൽ ഏറ്റവും കൂടുതൽ കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളത് ഭർത്താക്കന്മാരിൽ നിന്നും, ബന്ധുക്കളിൽനിന്നുമുള്ളപീഡനങ്ങളാണ്. 2021 ഏപ്രിൽ വരെ ഭർത്താവും ഭർതൃവീട്ടുകാരും പ്രതികളായ 1,080 കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. കേരള പോലീസിന്റെ കണക്കുകൾ പ്രകാരം കഴിഞ്ഞ 13 വർഷത്തിനിടെ സ്ത്രീധനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെത്തുടർന്ന് 212 മരണങ്ങളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

സംസ്ഥാന വനിതാ കമ്മീഷനിൽ എത്തിയ പരാതികളും വ്യത്യസ്തമല്ല. 2010 മുതൽ 2021 ജൂൺ 23വരെ വനിതാ കമ്മീഷനിൽ എത്തിയ പരാതികളിൽ ഏറ്റവും കൂടുതൽ സ്ത്രീപീഡന, ഗാർഹിക പീഡനകേസുകൾ രജിസ്റ്റർ ചെയ്തിരിക്കുന്നത് തിരുവനന്തപുരം ജില്ലയിലാണ്. ഇവിടെ യഥാക്രമം 2,544 സ്ത്രീപീഡനക്കേകളും 3,476 ഗാർഹിക പീഡനക്കേസുകളുമാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്.

ഇതിൽ 1,565 സ്ത്രീ പീഡനക്കേസുകളും 2,56 9 ഗാർഹിക പീഡനക്കേസുകളും കമ്മീഷൻ തീർപ്പാക്കുകയുണ്ടായി. പരാതികളുടെ കാര്യത്തിൽ രണ്ടാം സ്ഥാനം കൊല്ലം ജില്ലയ്ക്കാണ്. ഇവിടെ നിന്ന് 838 സ്ത്രീ പീഡനക്കേസുകളും 656 ഗാർഹിക പീഡനക്കേസുകളും റിപ്പോർട്ടു ചെയ്യുകയുണ്ടായി.

മൂന്നാം സ്ഥാനത്ത് നിൽക്കുന്ന എറണാകുളം ജില്ലയിൽ നിന്ന് 831 സ്ത്രീ പീഡനക്കേസുകളും 538 ഗാർഹിക പീഡനക്കേസുകളും റിപ്പോർട്ടു ചെയ്തു. വയനാട് ജില്ലയിലാണ് സംസ്ഥാനത്ത് ഏറ്റവും കുറവ് സ്ത്രീപീഡനക്കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇവിടെ 126 പീഡനക്കേസുകളും, 101 ഗാർഹിക പീഡനക്കേസുകളും മാത്രമാണ് റിപ്പോർട്ട് ചെയ്തത്.

# നിപ പ്രതിരോധം പൂർണ വിജയം




കോഴിക്കോട്: കോഴിക്കോട് നിപ വൈറസ് മുക്തമായെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്ജ്. കോഴിക്കോട് ജില്ലയിൽ നിപ വൈറസിന്റെ ഡബിൾ ഇൻകുബേഷൻ പിരീഡ് (42 ദിവസം) പൂർത്തിയായി. ഈ കാലയളവിൽ പുതിയ കേസുകളൊന്നും റിപ്പോർട്ട് ചെയ്യാത്ത സാഹചര്യത്തിൽ പൂർണമായും നിപ പ്രതിരോധത്തിൽ വിജയം കൈവരിച്ചു.

മുഖ്യമന്ത്രിയുടെ നിർദ്ദേശാനുസരണം ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ മറ്റ് വകുപ്പുകളുടെ ഏകോപിച്ചുള്ള പ്രവർത്തനമാണ് നിപയെ നിയന്ത്രണത്തിലാക്കാൻ സഹായിച്ചത്. നിപ വൈറസിനെതിരെ ഇനിയും ജാഗ്രത തുടരണമെന്ന് വ്യക്തമാക്കിയ മന്ത്രി ഈ ഘട്ടത്തിൽ നിസ്വാർത്ഥ സേവനം നടത്തിയ എല്ലാവർക്കും നന്ദി അറിയിച്ചു.

കോഴിക്കോട് നിപ വൈറസ് സ്ഥിരീകരിച്ച് മണിക്കൂറുകൾക്കകം തന്നെ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്ജ് കോഴിക്കോടെത്തി പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചിരുന്നു. കോഴിക്കോട് ജില്ലയിൽ നിന്നുള്ള മന്ത്രിമാരായ പി എ മുഹമ്മദ് റിയാസ്, എ കെ ശശീന്ദ്രൻ, അഹമ്മദ് ദേവർകോവിൽ എന്നിവരും പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

രോഗം റിപ്പോർട്ട് ചെയ്ത ഉടനെ 18 കമ്മിറ്റികൾ രൂപീകരിച്ച് പ്രത്യേകം തയ്യാറാക്കിയ കർമ്മ പദ്ധതിയുടെ അടിസ്ഥാനത്തിലാണ് പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിയത്. കൺട്രോൾ റൂം ആരംഭിക്കുകയും 12 മണിക്കൂറിനുള്ളിൽ മെഡിക്കൽ കോളജിൽ 80 റൂമുകൾ ഐസൊലേഷനായി തയാറാക്കുകയും ചെയ്തു. ചില വവ്വാലുകളിൽ വൈറസിനെതിരായ ഐജിജി ആന്റിബോഡിയുടെ സാന്നിധ്യം സ്ഥിരീകരിച്ച പശ്ചാത്തലത്തിൽ കൂടുതൽ പഠനങ്ങൾ ഇതുമായി ബന്ധപ്പെട്ട് നടത്തും.

36 മണിക്കൂറിനുള്ളിൽ നിപ പരിശോധനയ്ക്കായി എൻഐവി പൂനെയുടെ സഹായത്തോടെ പിഒസി ലാബ് മെഡിക്കൽ കോളജിൽ സജ്ജീകരിച്ചു. 48 മണിക്കൂറിനുള്ളിൽ കമ്മ്യൂണിറ്റി സർവയലൻസ് ആരംഭിക്കുകയും ചുരുങ്ങിയ ദിവസത്തിനുള്ളിൽ അഞ്ച് പഞ്ചായത്തുകളിൽ (കാരശ്ശേരി, കൊടിയത്തൂർ, മാവൂർ, മുക്കം, ചാത്തമംഗലം) ആർആർടി, വളണ്ടിയർമാർ, കുടുംബശ്രീ പ്രവർത്തകർ, പഞ്ചായത്ത് മെമ്പർമാർ എന്നിവർ അടങ്ങുന്ന മെഡിക്കൽ ടീം സർവെ നടത്തി. ഒപ്പം ബോധവൽക്കരണവും നൽകി. 16,732 വീടുകളിലാണ് സർവേ നടത്തിയത്.

240 പേരുടെ സമ്പർക്കപ്പട്ടിക തയ്യാറാക്കി റൂട്ട് മാപ്പ് പ്രസിദ്ധീകരിച്ചു. ഹോട്ട്സ്പോട്ട് കണ്ടെത്തി സമ്പർക്കപ്പട്ടികയിലുള്ള മുഴുവൻ പേരേയും കണ്ടുപിടിച്ചു. എൻഐവി പൂനെ ബാറ്റ് സർവേ ടീം 103 വവ്വാലുകളുടെ സാമ്പിളുകൾ പരിശോധനയ്ക്ക് അയക്കുകയും ചെയ്തു.

# പ്രളയ സാധ്യതയില്ല; ജാഗ്രത വേണം: മന്ത്രി കെ രാജൻ

കൊച്ചി: സംസ്ഥാനത്ത് നിലവിൽ പ്രളയ സാധ്യതയില്ലെങ്കിലും ജാഗ്രതയുണ്ടാകണമെന്ന് റവന്യു മന്ത്രി കെ രാജൻ. ഡാമുകൾ നിറഞ്ഞുകവിയുന്നതുപോലെ ഭീതിപ്പെടുത്തുന്ന സംഭവങ്ങളില്ലെങ്കിലും മഴ ശക്തമായി തുടരുകയാണെന്നും മന്ത്രി അറിയിച്ചു.

മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗത്തിൽ കോതമംഗലം താലൂക്ക് ഓഫീസിൽ നിന്ന് ഓൺലൈനായി പങ്കെടുത്ത ശേഷം മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

അടിയന്തരമായി എല്ലാ വിഭാഗങ്ങളെയും കൂട്ടിയോജിപ്പിച്ചുകൊണ്ടുള്ള ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് സർക്കാർ നേതൃത്വം നൽകുകയാണ്.

നിലവിൽ ആശങ്കപ്പെടേണ്ട സാഹചര്യമില്ല. പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, എറണാകുളം, തൃശൂർ, മലപ്പുറം എന്നീ ആറു ജില്ലകളിൽ എൻഡിആർഎഫ് ക്യാമ്പ് ചെയ്യുന്നുണ്ട്. മൂന്ന് സംഘങ്ങൾ കൂടി ഉടനെത്തും.

ആർമിയുടെ രണ്ട് ടീമുകളെ തിരുവനന്തപുരത്തും കോട്ടയത്തും വിന്യസിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഡിഫൻസ് സെക്യൂരിറ്റി കോപ്സ് ടീമിനെ കണ്ണൂരും കോഴിക്കോടും വിന്യസിക്കും. എമർജൻസി ഓപ്പറേഷൻ സെന്ററുകൾ എല്ലാ മേഖലയിലും സജീവമാക്കും. എയർ ലിഫ്റ്റിങ് ടീമിനെ സജ്ജമാക്കിയിട്ടുണ്ട്. കാഞ്ഞിരപ്പള്ളി താലൂക്കിലേക്ക് ആദ്യ ടീമിനെ എത്തിക്കും. കാഞ്ഞിരപ്പള്ളി താലൂക്കിൽ 16 പേരെ കാണാതായിട്ടുണ്ട്. ക്യാമ്പുകൾ തുറക്കുന്നതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്.

കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചായിരിക്കും ക്യാമ്പുകൾ തുറക്കുക. തീരദേശത്ത് മത്സ്യത്തൊഴിലാളികൾക്കായി മുന്നറിയിപ്പുകൾ തുടർച്ചയായി നൽകാൻ തീരുമാനിച്ചിട്ടുണ്ട്. സോഷ്യൽ മീഡിയ വഴി അനാവശ്യ ഭീതി പരത്തുന്ന വാർത്തകൾ പ്രചരിപ്പിക്കരുത്. ഇത്തരം ബോധപൂർവമായ ശ്രമങ്ങൾക്കെതിരെ കർശന നടപടിയുണ്ടാകും. കക്കി ഡാമിൽ ജലനിരപ്പ് ഉയരുന്നതായി കാണുന്നതിനാൽ രണ്ട് ദിവസത്തേക്ക് കൂടി ശബരിമല ദർശനം ഒഴിവാക്കുന്നതായിരിക്കും ഉചിതമെന്ന് തീരുമാനിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് തീരുമാനിക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

തിങ്കളാഴ്ച ആരംഭിക്കാനിരുന്ന ഹയർ സെക്കൻഡറി ക്ലാസുകൾ 20 നായിരിക്കും ആരംഭിക്കുകയെന്ന് മന്ത്രി അറിയിച്ചു. കെഎസ്ഇബിയുടെയും ഇറിഗേഷന്റെയും വിവിധ ഡാമുകളെ സംബന്ധിച്ച് സൂക്ഷ്മമായി നിരീക്ഷിക്കുന്നുണ്ട്.




കെ. സോമപ്രസാദ് എം. പി ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികളുടെ അവലോകനയോഗത്തിൽ

# ഡാം തുറക്കൽ വിദഗ്ധ സമിതി തീരുമാനിക്കും

അതിതീവ്രമഴയുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ വിവിധ ഡാമുകൾ തുറക്കുന്നത് തീരുമാനിക്കാൻ വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തി. മഴക്കെടുതിയും ഡാമുകളുടെ ജലനിരപ്പും വിലയിരുത്താൻ ചേർന്ന ഉന്നത തല യോഗത്തിലാണ് മുഖ്യമന്ത്രി പിണറായി വിജയൻ ഇക്കാര്യം പറഞ്ഞത്.

ഏത് ഡാം തുറക്കണം, തുറക്കേണ്ട എന്നത് അതത് ഡാമുകളിലെ വെള്ളത്തിന്റെ അളവ് നോക്കി വിദഗ്ധ സമിതി തിരുമാനിക്കും. തുറക്കുന്നതിന് കൃത്യമായ മണിക്കൂറുകൾ മുമ്പ് ബന്ധപ്പെട്ട ജില്ലാ കലക്ടർമാരെ അറിയിക്കണം. പ്രദേശവാസികളെ ഒഴിപ്പിക്കാനാവശ്യമായ സമയം നൽകണം. പെട്ടെന്ന് തുറക്കുമ്പോൾ ഉണ്ടാകാവുന്ന ഭവിഷ്യത്തുകൾ ഒഴിവാക്കാനാണിത്.

സംസ്ഥാനത്ത് ഇപ്പോൾ 184 ദുരിതാശ്വാസ ക്യാമ്പുകളാണുള്ളത്. ക്യാമ്പുകളിൽ ആവശ്യത്തിന് സജ്ജീകരണങ്ങളുണ്ടാകണം. ഭക്ഷണം, വസ്ത്രം, കിടക്കാനുള്ള സൗകര്യം എന്നിവ ഉറപ്പാക്കണം. റവന്യൂ വകുപ്പിന് പുറമെ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഇക്കാര്യം ശ്രദ്ധിക്കണം. പ്രാദേശിക കൂട്ടായ്മകളുടെ സഹായവും തേടണമെന്ന് മുഖ്യമന്ത്രി നിർദ്ദേശിച്ചു.

കാണാതായവർക്കു വേണ്ടിയുള്ള തെരച്ചിൽ അടക്കം രക്ഷാ പ്രവർത്തനങ്ങളിൽ കേന്ദ്ര സംസ്ഥാന ഏജൻസികളും നാട്ടുകാരും യോജിച്ച് നീങ്ങുന്നുണ്ട്. മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ സാധ്യതാ പ്രദേശങ്ങളിൽ നിന്ന് ജനങ്ങളെ നിർബന്ധമായും മാറ്റി പാർപ്പിക്കണം. നിശ്ചിത അളവിലധികം വെള്ളത്തിലൂടെ വാഹനങ്ങൾ കടത്തി വിടരുത്.

ധനസഹായ വിതരണം ഊർജ്ജിതപ്പെടുത്താൻ ജില്ലാ കലക്ടർമാർക്ക് മുഖ്യമന്ത്രി നിർദ്ദേശം നൽകി. കൃഷി നാശം സംബന്ധിച്ച വിശദ വിവരങ്ങൾ ജില്ലകളിൽ നിന്ന് ലഭ്യമാക്കണം.

ശബരിമല തുലാമാസ പൂജാ സമയത്തുള്ള തീർത്ഥാടനം ഇത്തവണ പൂർണമായും ഒഴിവാക്കാൻ അവലോകന യോഗം തീരുമാനിച്ചു. നിലയ്ക്കൽ, പെരുന്തേനരുവി മേഖലയിൽ ഞായറാഴ്ച തന്നെ ഇരുപതു സെന്റീമീറ്ററിലധികം മഴ പെയ്തിരുന്നു. കക്കി ഡാമിന്റെ ഷട്ടറുകൾ തുറക്കേണ്ട സാഹചര്യവും വന്നിരിക്കുന്നു. നദികളിലെ ജലനിരപ്പ് ഉയർന്നിട്ടുണ്ട്. വനമേഖലയിലെ കനത്ത മഴ ഉരുൾപൊട്ടലിനും മണ്ണിടിച്ചിലിനുമുള്ള സാധ്യതയും വർധിപ്പിക്കുന്നുണ്ട്. ബുധനാഴ്ച മുതൽ ശക്തമായ മഴ പ്രവചിക്കപ്പെട്ടിട്ടുമുണ്ട്. ഈ സാഹചര്യത്തിൽ ഈ ദിവസങ്ങളിൽ തീർത്ഥാടനം അനുവദിക്കാൻ കഴിയില്ല എന്ന് യോഗം വിലയിരുത്തി. നേരത്തെ നിലക്കലിൽ എത്തിയ തീർഥാടകരെ സുരക്ഷിതമായി മടക്കി അയയ്ക്കാൻ ജില്ലാ ഭരണ സംവിധാനത്തിന് നിർദേശം നൽകി. കോളേജുകൾ തുറക്കുന്നത് ഒക്ടോബർ 25ലേക്ക് മാറ്റുമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

സംസ്ഥാനത്ത് രണ്ടു ജില്ലകളിലാണ് കൂടുതൽ കെടുതി ഉണ്ടായത്. ബുധനാഴ്ച (ഒക്ടോബർ 20 ) മുതൽ തുടർന്നുള്ള 23 ദിവസങ്ങളിൽ സംസ്ഥാനത്ത് വ്യാപകമായി മഴക്ക് സാധ്യതയുണ്ട്. ഒറ്റപ്പെട്ട ശക്തമായ മഴയും പെയ്യാനിടയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. തുലാവർഷം വന്നതായി ഇതുവരെ കാലാവസ്ഥാ വകുപ്പ് കണക്കാക്കിയിട്ടില്ല. എന്നാൽ തുലാവർഷ കണക്കിൽ കേരളത്തിൽ ലഭിക്കേണ്ട 84 ശതമാനം മഴയും ഒക്ടോബറിൽ ആദ്യ 17 ദിവസം കൊണ്ട് ലഭിച്ചു.

ഒക്ടോബർ മുതൽ ഡിസംബർ വരെ നീണ്ടു നിൽക്കുന്ന സീസൺ ചുഴലിക്കാറ്റ് സീസൺ കൂടിയായതിനാൽ ഇത്തവണ കൂടുതൽ ന്യൂനമർദ്ദങ്ങൾ / ചുഴലിക്കാറ്റുകൾ പ്രതീക്ഷിക്കുന്നുണ്ട്.

പത്തനംതിട്ടയിലെ കക്കി അണക്കെട്ടിലെ ജലനിരപ്പ് ഉയരുന്നതിനാൽ അടിയന്തിര സാഹചര്യത്തിൽ തുറക്കേണ്ട ആവശ്യം വരികയാണെങ്കിൽ കുട്ടനാട്ടിലെ ജലനിരപ്പ് ഉയരാനുള്ള സാധ്യതയുണ്ട്. അതിനാൽ ഒരു എൻ ഡി ആർ എഫ് ടീമിനെ ആലപ്പുഴ ജില്ലയിൽ വിന്യസിച്ചിട്ടുണ്ട്.

രക്ഷാപ്രവർത്തനങ്ങളും മുൻകരുതലുകളും സൂക്ഷ്മമായി വിലയിരുത്തി അതാത് സമയത്ത് ഇടപെടാനുള്ള സജ്ജീകരണങ്ങൾ ഉറപ്പാക്കാൻ യോഗം തീരുമാനിച്ചു.

യോഗത്തിൽ റവന്യൂ, വൈദ്യുതി വകുപ്പ് മന്ത്രിമാരും ചീഫ് സെക്രട്ടറി അടക്കമുള്ള ഉദ്യോഗസ്ഥരും പങ്കെടുത്തു.

# സമ്പൂർണ്ണ ആദിവാസി സാക്ഷരതാ ക്ലാസുകൾ പുനരാരംഭിക്കുന്നു

വയനാട് സമ്പൂർണ ആദിവാസി സാക്ഷരതാ പദ്ധതിയുടെ ഭാഗമായുള്ള ക്ലാസുകൾ പുനരാരംഭിക്കുന്നു. സംസ്ഥാന സാക്ഷരതാ മിഷൻ നേതൃത്വത്തിൽ വയനാട് ജില്ലയിലെ ആദിവാസി വിഭാഗത്തെ സമ്പൂർണ്ണ സാക്ഷരരാക്കുന്നതിനായി ആരംഭിച്ച പദ്ധതി കോവിഡ് വ്യാപനത്തോടെ നിർത്തിവെച്ചിരുന്നു. നിലവിലെ സാഹചര്യത്തിൽ ക്ലാസുകൾ നടത്തുന്നതിന് ജില്ലാ കലക്ടറുടെ അനുമതി ലഭിച്ചു. ഇതിന്റെ കൂടിയാലോചനയ്ക്കായി ജില്ലയിലെ തദ്ദേശ സ്വയംഭരണ അധ്യക്ഷൻമാരുടെയും സെക്രട്ടറിമാരുടെയും വകുപ്പ്തലവൻമാരുടെയും യോഗം 20ന് വൈകിട്ട് 4 ന് ഓൺലൈൻ ആയി നടക്കും. അഡ്വ. ടി. സിദ്ധിഖ് എം.എൽ.എ ഉദ്ഘാടനം ചെയ്യും. ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് സംഷാദ് മരക്കാർ അധ്യക്ഷനാകും. സംസ്ഥാന സാക്ഷരതാ മിഷൻ ഡയറക്ടർ ഡോ.പി.എസ്.ശ്രീകല മുഖ്യപ്രഭാഷണം നടത്തും. സാക്ഷരതാ മിഷൻ അസി. ഡയറക്ടർ സന്ദീപ് ചന്ദ്രൻ, പ്രോജക്ട് കോഓഡിനേറ്റർ ഇ.വി.അനിൽ, സ്വയനാസർ ജില്ലയിലെ മുനിസിപ്പൽ, ബ്ലോക്ക്, ഗ്രാമപഞ്ചായത്ത് അധ്യക്ഷൻമാരും സെക്രട്ടറിമാരും വകുപ്പ്തല അധ്യക്ഷൻമാർ തുടങ്ങിയവർ പങ്കെടുക്കും.

26 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലായി ആദിവാസി വിഭാഗത്തിൽപെട്ട 24,472 നിരക്ഷരരയാണ് 2019 ൽ സർവ്വെയിലൂടെ കണ്ടെത്തിയത്. 8923 പുരുഷൻമാരും 15,549 സ്ത്രീകളെയുമാണ് ജില്ലയിലെ 2443 ആദിവാസി ഊരുകളിൽ നടത്തിയ സർവ്വെയിൽ കണ്ടെത്തിയത്.

അതത് ഊരിൽ നിന്ന് ആദിവാസി വിഭാഗത്തിൽപെട്ട 1223 ഇൻസ്ട്രക്ടർമാരെയും ഗ്രാമപഞ്ചായത്ത് കണ്ടെത്തി. 2021 ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിലായി 18,872 പേരാണ് ക്ലാസിലെത്തിയത്.

# പ്രകൃതിദുരന്തം: അഞ്ചു ദിവസത്തിനിടെ 37 മരണം

തിരുവനന്തപുരം: മഴക്കെടുതിയെ തുടർന്നു സംസ്ഥാനത്താകെ 37 പേർ മരിച്ചു. കഴിഞ്ഞ 12 മുതൽ ഇന്നലെ വരെയുള്ള മഴക്കെടുതിയെ തുടർന്നാണ് 37 പേർക്കു ജീവൻ നഷ്ടമായത്. അതിതീവ്ര മഴയെ തുടർന്നു കഴിഞ്ഞ രണ്ടു ദിവസങ്ങളിലായി 24 ജീവനുകളാണു നഷ്ടമായത്. വിവിധയിടങ്ങളിലായി ഏഴു പേരെ കാണാതായിട്ടുമുണ്ട്. കോട്ടയം കൂട്ടിക്കലിലാണ് വൻ ദുരന്തമുണ്ടായത്. ഇവിടെ മണ്ണിടിച്ചിലിനെയും ഉരുൾപൊട്ടലിനെയും തുടർന്നു 13 ജീവനുകളാണു പൊലിഞ്ഞത്. ഇടുക്കി ജില്ലയിൽ കഴിഞ്ഞ രണ്ടു ദിവസങ്ങളിലായി എട്ടു ജീവനുകൾ നഷ്ടമായി. കൊക്കയാറിലെ ഉരുൾപൊട്ടലിൽ ആറു പേരും തൊടുപുഴ കാഞ്ഞാറിൽ കാർ ഒഴുക്കിൽ പെട്ട് രണ്ടു പേരും മരിച്ചു. കൊക്കയാറിൽ രണ്ടു പേരെ കാണാതായിട്ടുണ്ട്. ഇടുക്കി പെരുവന്താനത്ത് രണ്ടു പേർ നേരത്തെ മുങ്ങിമരിച്ചിരുന്നു.

തിരുവനന്തപുരത്ത് കല്ലാറിൽ ഇന്നലെ ഒരാൾ മുങ്ങിമരിച്ചു. തിരുവനന്തപുരം ആമയിഴഞ്ചാൻ തോട്ടിൽ ശനിയാഴ്ച കാണാതായ ജാർഖണ്ഡ് സ്വദേശിയെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. തിരുവനന്തപുരം മേലേ കടയ്ക്കാവൂരിൽ കഴിഞ്ഞ 13ന് ഒരാൾ മുങ്ങിമരിച്ചിരുന്നു. തൃശൂരിലെ തയ്യൂർ വില്ലേജിൽ ശനിയാഴ്ച ഒരാൾ മുങ്ങിമരിച്ചിരുന്നു. പാലക്കാട് ജില്ലയിലും ശനിയാഴ്ചയുണ്ടായ പ്രകൃതിദുരന്തത്തിൽ ഒരാൾ മരിച്ചിരുന്നു. പാലക്കാട്, തൃശൂർ ജില്ലകളിൽ മഴ തുടരുകയാണ്. നദികളിൽ ജലനിരപ്പ് ഉയരുന്നു. മലപ്പുറത്ത് കഴിഞ്ഞ 12നും 14നുമായി മൂന്നു പേരാണു മുങ്ങിമരിച്ചത്. കണ്ണൂരിൽ കഴിഞ്ഞ 12നും 14നുമായി രണ്ടു പേർ മുങ്ങിമരിച്ചു. ആലപ്പുഴയിൽ കഴിഞ്ഞ 12, 13 തീയതികളിലായി രണ്ടു പേർ മുങ്ങിമരിച്ചു. കൊല്ലത്തും പത്തനംതിട്ടയിലും ഓരോരുത്തർ വീതവും മരിച്ചു. അതിതീവ്ര മഴയെത്തുടർന്നുള്ള ദുരന്തത്തിൽ മരിച്ചവരുടെ കുടുംബങ്ങൾക്ക് സംസ്ഥാന സർക്കാർ നാലു ലക്ഷം രൂപ വീതം നഷ്ടപരിഹാരം പ്രഖ്യാപിച്ചു. കഴിഞ്ഞ ജനുവരി മുതൽ ഇതുവരെ 97 പേരാണ് ഇതുവരെ പ്രകൃതിദുരന്തത്തിൽ മരണമടഞ്ഞത്.

# മഴക്കെടുതി: സംസ്ഥാനത്ത് 27 മരണം

മഴക്കെടുതിയിൽ സംസ്ഥാനത്ത് 27 മരണം റിപ്പോർട്ട് ചെയ്തു. കോട്ടയത്ത് 14, ഇടുക്കി 10, തിരുവനന്തപുരം ഒന്ന്, തൃശൂർ ഒന്ന്, കോഴിക്കോട് ഒന്ന് മരണമാണ് റിപ്പോർട്ട് ചെയ്തത്.

കോട്ടയം കാഞ്ഞിരപ്പള്ളി കൂട്ടിക്കൽ പ്ളാപ്പള്ളിയിൽ ഉണ്ടായ ഉരുൾപൊട്ടലിൽ 13 പേരുടെ മൃതദേഹം കണ്ടെടുത്തു. ഇതിൽ ഒരാൾ ഇടുക്കി സ്വദേശിയാണ്. ഏറ്റുമാനൂർ സ്വദേശിയായ സൈനികൾ ജോൺസൻ സെബാസ്റ്റിയൻ (35 വയസ്) ഏറ്റുമാനൂർ ചെറുവണ്ടൂർ പാടശേഖരത്തിലെ വെള്ളക്കെട്ടിൽ മുങ്ങി മരിച്ചു.

ഇടുക്കി പീരുമേട് കൊക്കയാറിൽ ഉണ്ടായ ഉരുൾ പൊട്ടലിൽ നാലു വീടുകൾ പൂർണമായി ഒലിച്ചുപോയി. അഞ്ച് കുട്ടികളും രണ്ടു മുതിർന്നവരും ഉൾപ്പെടെ ഏഴു പേരാണ് മരണമടഞ്ഞത്. ഇടുക്കിയിൽ ഒഴുക്കിൽപെട്ട് കാണാതായ ആൻസിയെ (52) കണ്ടെത്താനുള്ള തിരച്ചിൽ തുടരുന്നു.

തിരുവനന്തപുരം കല്ലാറിൽ അഭിലാഷ് (23) മുങ്ങി മരിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തിരുവനന്തപുരം താലൂക്കിൽ ജാർഖണ്ഡ് സ്വദേശിയെ ആമയിഴനുാൻ തോടിൽ കാണാതായിട്ടുണ്ട്. തൃശൂർ ജില്ലയിൽ തലപ്പിള്ളി തെക്കുംകര ജോസഫിനെ (72 വയസ്) വീടിനടുത്തുള്ള തോട്ടിൽ വീണ് മരണമടഞ്ഞു.

സംസ്ഥാനത്ത് 247 ദുരിതാശ്വാസ ക്യാമ്പുകളിലായി 2619 കുടുംബങ്ങളെ താമസിപ്പിച്ചിട്ടുണ്ട്. 9422 പേരാണ് ക്യാമ്പുകളിൽ ആകെയുള്ളത്. ഇടുക്കി ഡാം ചൊവ്വാഴ്ച രാവിലെ 11ന് തുറക്കുമെന്ന് അറിയിച്ചിട്ടുണ്ട്. പമ്പ, ഇടമലയാർ ഡാമുകളും നാളെ തുറക്കും. പത്തനംതിട്ട ജില്ലയിൽ കക്കി ആനത്തോട് ഡാമിന്റെ ഷട്ടറുകൾ തുറന്നു. മൂഴിയാർ, മണിയാർ ഡാമുകളും തുറന്നിട്ടുണ്ട്. തൃശൂർ ജില്ലയിലെ പീച്ചി, ചിമ്മിനി, പൂമല, അസുരൻകുണ്ട്, പത്താഴക്കുണ്ട്, വാഴാനി ഡാമുകൾ തുറന്നിട്ടുണ്ട്. പാലക്കാട് ജില്ലയിൽ ചുള്ളിയാർ ഡാം, മംഗലം, മലമ്പുഴ, കാഞ്ഞിരപ്പുഴ, ശിരുവാണി ഡാമുകൾ തുറന്നിട്ടുണ്ട്. നദീതീരമേഖലകളിൽ ജാഗ്രതാ നിർദ്ദേശം നൽകി.

# എൻഎസ്എ യോഗത്തിലേക്ക് പാകിസ്ഥാനെ ക്ഷണിച്ച് ഇന്ത്യ

ന്യൂഡൽഹി: അഫ്ഗാനിസ്ഥാന്റെ ഭാവി സംബന്ധിച്ച നിർണായകമായ തീരുമാനങ്ങളെടുക്കാൻ ചേരുന്ന ദേശീയ സുരക്ഷാ ഉപദേഷ്ടാക്കളുടെ യോഗത്തിലേക്ക് പാകിസ്ഥാനെ ക്ഷണിച്ച് ഇന്ത്യ. അടുത്ത മാസം പത്ത്, 11 തീയതികളിൽ ഡൽഹിയിൽ വച്ചാണ് യോഗം ചേരുക. റഷ്യ, ചൈന, അമേരിക്ക തുടങ്ങിയ രാജ്യങ്ങളേയും കൂടിക്കാഴ്ചയ്ക്ക് ക്ഷണിച്ചിട്ടുണ്ട്. താലിബാൻ പ്രതിനിധിയെ ഉൾപ്പെടുത്താൻ തീരുമാനമാനിച്ചിട്ടില്ലെന്ന് ടൈംസ് ഓഫ് ഇന്ത്യയുടെ റിപ്പോർട്ടിൽ പറയുന്നു. ഇന്ത്യൻ ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത്ത് ഡോവലാണ് പാകിസ്ഥാൻ ദേശീയ സുരക്ഷാ ഉപദേഷ്ടാവ് മുയീദ് യൂസഫിനെ ക്ഷണിച്ചത്. പാകിസ്ഥാൻ ഇതുവരെ പ്രതികരിച്ചിട്ടില്ല. ഇന്ത്യയുടെ ക്ഷണം സ്വീകരിച്ചാൽ, മുൻ പാക് പ്രധാനമന്ത്രി നവാസ് ഷെരീഫിന്റെ വിദേശകാര്യ ഉപദേഷ്ടാവ് സർതാജ് അസിസിന് ശേഷം ഇന്ത്യയിലെത്തുന്ന പാകിസ്ഥാനിലെ ആദ്യ ഉന്നത ഉദ്യോഗസ്ഥനാകും മുയൂദ്. 2016 ഡിസംബറിൽ ഹാർട്ട് ഓഫ് ഏഷ്യ മന്ത്രിതല യോഗത്തിൽ പങ്കെടുക്കാനാണ് സർതാജ് അസിസ് അവസാനമായി ഇന്ത്യ സന്ദർശിച്ചത്. എൻഎസ്എ യോഗം മെയിൽ വിളിച്ചു ചേർക്കാൻ തീരുമാനിച്ചിരുന്നു. കോവിഡ് വ്യാപനത്തെ തുടർന്ന് ഇത് മാറ്റി വയ്ക്കുകയായിരുന്നു. ആദ്യ ഘട്ടത്തിൽ അഫ്ഗാനെ ക്ഷണിക്കാൻ പദ്ധതിയിട്ടിരുന്നു. എന്നാൽ ഓഗസ്റ്റ് മാസത്തിൽ അഫ്ഗാനിലെ സ്ഥിതികൾ ആകെ കീഴ്മേൽ മറിയും താലിബാൻ ഭരണം പിടിച്ചെടുക്കുകയും ചെയ്തു. അഫ്ഗാനിലെ എല്ലാ നയതന്ത്ര പ്രതിനിധികളെയും ഇന്ത്യ പിൻവലിച്ചിരുന്നു. പാക്, ഇറാൻ, റഷ്യ, ചൈന, ചില മധ്യേഷ്യൻ രാജ്യങ്ങളിൽ എന്നിവിടങ്ങളിലെ എംബസികൾ കാബൂളിൽ പ്രവർക്കുന്നുണ്ട്.

അഫ്ഗാൻ വിഷയവുമായി ബന്ധപ്പെട്ട് ബുധവാഴ്ച മോസ്കോയിൽ താലിബാൻ പ്രതിനിധി ഉൾപ്പെടെ പങ്കെടക്കുന്ന യോഗം വിളിച്ചുചേർത്തിട്ടുണ്ട്.

# ഡാമുകളിലെ വെള്ളം തുറന്നു വിടൽ; ജനങ്ങൾ അതീവ ജാഗ്രത പുലർത്തണം മുഖ്യമന്ത്രി

വെള്ളം തുറന്നു വിടാൻ തീരുമാനിച്ച ഡാമുകൾക്ക് ചുറ്റുമുള്ള പ്രദേശങ്ങളിലെ ജനങ്ങൾ അതീവ ജാഗ്രത പുലർത്തണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അഭ്യർത്ഥിച്ചു. അണക്കെട്ടുകളിലെ ജലനിരപ്പ് നിരീക്ഷിക്കുന്നതിന് സർക്കാർ നിയോഗിച്ച കമ്മിറ്റി തീരുമാനപ്രകാരമാണ് മൂന്ന് ഡാമുകളിലെ വെള്ളം തുറന്നു വിടുന്നത്. എല്ലാ മുൻകരുതലുകളും സ്വീകരിച്ചാണ് ഷട്ടറുകൾ തുറക്കുക. ഇടുക്കി ഡാമിന്റെ ഷട്ടർ ചൊവ്വാഴ്ച രാവിലെ 11 മണിക്കും ഇടമലയാറിന്റേത് രാവിലെ 6 മണിക്കും തുറക്കും. പമ്പാ ഡാം തുറക്കാനുള്ള സമയം ചൊവ്വാഴ്ച തീരുമാനിക്കും.

ഡാമുകൾ തുറക്കുമ്പോൾ വേണ്ട ജാഗ്രത നിർദേശം എല്ലായിടത്തും നൽകിയിട്ടുണ്ട്. ആളുകളെ സുരക്ഷിത സ്ഥാനത്തേക്ക് മാറ്റാനുള്ള നടപടി പുരോഗമിക്കുകയാണ്. അധികൃതർ നൽകുന്ന നിർദേശങ്ങൾ അനുസരിക്കാനും അതീവ ജാഗ്രത പാലിക്കാനും എല്ലാവരും തയ്യാറാവണമെന്ന് മുഖ്യമന്ത്രി അഭ്യർത്ഥിച്ചു.

സംസ്ഥാനത്ത് ഇപ്പോൾ 240 ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്നുണ്ട്. അവയിൽ 2541 കുടുംബങ്ങളിലെ 9081 പേരാണുള്ളതെന്ന് മുഖ്യമന്ത്രി പറഞ്ഞു.

## വിവരാവകാശ കമ്മിഷണറുടെ ഒഴിവ്

സംസ്ഥാന വിവരാവകാശ കമ്മിഷണറുടെ ഒരു ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചു. അപേക്ഷൾ നവംബർ 20 വൈകുന്നേരം അഞ്ച് മണിക്ക് മുമ്പ് പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണ (ഏകോപനം) വകുപ്പ്, ഗവൺമെന്റ് സെക്രട്ടറിയറ്റ്, തിരുവനന്തപുരം 695001 എന്ന വിലാസത്തിലോ ഴമററ6@ഴാമശഹ.രീലോ ലഭിക്കണം. കൂടുതൽ വിവരങ്ങളും അപേക്ഷിക്കുവാനുള്ള പ്രൊഫോർമയും ംംം.ഴമറ.സലൃമഹമ.ഴീ.ശി ൽ ലഭ്യമാണ്.

# ഇന്തോനേഷ്യയിൽ കമ്മ്യൂണിസ്റ്റുകളെ ഉന്മൂലനം ചെയ്തതിന് പിന്നിൽ ബ്രിട്ടനെന്ന് രഹസ്യരേഖ

ജക്കാർത്ത: 196566 കാലഘട്ടത്തിൽ ഇന്തോനേഷ്യയിലെ സുകാർണോ സർക്കാരിനെ അട്ടിമറിക്കാനും ഇന്തോനേഷ്യ കമ്മ്യൂണിസ്റ്റ് പാർട്ടി (പികെഐ) പ്രവർത്തകരെ ഉന്മൂലനം ചെയ്യാനുമുള്ള നീക്കങ്ങൾക്ക് പിന്നിൽ ബ്രിട്ടനാണെന്ന് രഹസ്യരേഖകകൾ.

അന്വേഷണാത്മക പത്രപ്രവർത്തകനായ ഡുൻകാകാംപെലാണ് ഇതുമായി ബന്ധപ്പെട്ട രേഖകൾ പുറത്തുവിട്ടത്. രണ്ടാം ലോകമഹായുദ്ധത്തിന് ശേഷം ലോകം കണ്ട ഏറ്റവും വലിയ കൂട്ടക്കൊലയായിരുന്നു ഇന്തോനേഷ്യയിൽ ഈ കാലയളവിൽ നടന്നത്.

കമ്മ്യൂണിസ്റ്റ് പ്രവർത്തകർ ഉൾപ്പെടെ അഞ്ച് ലക്ഷം മുതൽ 30 ലക്ഷം ആളുകളെയാണ് ഈ കാലയളവിൽ കൊന്നുതള്ളിയത്. ബ്രിട്ടന്റെ കോളനിയായിരുന്ന ഇന്തോനേഷ്യയിൽ നിന്നുള്ള ചൂഷണത്തിന് ദേശീയവാദികളായ പികെഐയും സുകർണോ ഭരണകൂടവും എതിരുനിന്നതോടെയാണ് കൂട്ടക്കൊലപാതകമെന്ന ആശയത്തിലേക്ക് ബ്രിട്ടൻ എത്തിച്ചേർന്നത്.

ഇന്തോനേഷ്യ, സിംഗപ്പൂർ രാജ്യങ്ങളെ ഉൾപ്പെടുത്തി മലയൻ ഫെഡറേഷൻ രൂപീകരിക്കാനുള്ള ബ്രിട്ടന്റെ തീരുമാനത്തിന് പിന്നാലെ ദേശീയ വാദികൾ പ്രതിഷേധം ഉയർത്തുകയായിരുന്നു.

ഇന്തോനേഷ്യയിലെ സൈനിക മേധാവിമാർ, സാധാരണക്കാരായ ജനങ്ങൾ, മറ്റ് സംഘടനകൾ തുടങ്ങി എല്ലാവരെയും പികെഐയ്ക്കെതിരെ തിരിക്കാനുള്ള പ്രവർത്തനങ്ങൾ ബ്രിട്ടൻ ആസൂത്രണം ചെയ്തു.

ബ്രിട്ടന്റെ പ്രചരണവേലയിൽ വിശ്വസിച്ചവർ പരസ്പരം പോരടിക്കുകയും കമ്മ്യൂണിസ്റ്റുകളെ ഉന്മൂലനം ചെയ്യുകയുമായിരുന്നുവെന്ന് പുറത്തുവിട്ട രേഖകൾ വ്യക്തമാക്കുന്നു.

ഇന്തോനേഷ്യയിൽ നടക്കുന്ന കൊലപാതകത്തിന്റെ വിശദാംശങ്ങൾ ബ്രിട്ടന്റെ ഇന്റലിജൻസ് ഏജൻസികളുമായി പങ്കുവച്ചതിന്റെ വിവരങ്ങളും രേഖയിൽ ഉൾപ്പെട്ടിട്ടുണ്ട്.

# വെട്ടുകാട് തിരുനാൾ; കർശന കോവിഡ് പ്രോട്ടോക്കോൾ പാലിക്കണമെന്നു മന്ത്രി

പ്രശസ്ത തീർഥാടന കേന്ദ്രമായ വെട്ടുകാട് മാദ്രെ ദെ ദേവൂസ് ദേവാലയത്തിലെ ഈ വർഷത്തെ തിരുനാൾ നടത്തിപ്പിന് കർശന കോവിഡ് പ്രോട്ടോക്കോൾ പാലിക്കണമെന്നു പൊതു വിദ്യാഭ്യാസ മന്ത്രി വി.ശിവൻകുട്ടി പറഞ്ഞു.

കോവിഡ് പ്രോട്ടോക്കോളുമായി ബന്ധപ്പെട്ടു ജില്ലാ ഭരണകൂടം ഏർപ്പെടുത്തുന്ന നിയന്ത്രണങ്ങളോട് സഹകരിക്കണമെന്നും നിർദേശങ്ങൾ കർശനമായി നടപ്പാക്കുന്നതിൽ റവന്യൂ, പൊലീസ് അധികൃതർ പ്രത്യേക ശ്രദ്ധവയ്ക്കണമെന്നും മന്ത്രി നിർദേശിച്ചു. നവംബർ 12 മുതൽ 21 വരെയാണ് തിരുനാൾ.

തിരുനാൾ ദിവസങ്ങളിൽ ദേവാലയത്തിനകത്ത് പ്രാർഥനയിലും കുർബാനയിലും ഒരു സമയം 400 പേരെ മാത്രമേ പങ്കെടുപ്പിക്കൂ. സാമൂഹിക അകലം പാലിച്ചു വേണം ചടങ്ങുകളിൽ പങ്കെടുക്കാൻ. പള്ളിയിലേക്കും പുറത്തേക്കും വിശ്വാസികൾക്കു പ്രവേശിക്കുന്നതിനു പ്രത്യേക ക്രമീകരണം ഏർപ്പെടുത്തണം. തെർമൽ സ്കാനിങ്, സാനിറ്റൈസർ അടക്കമുള്ള സംവിധാനങ്ങളും ഏർപ്പെടുത്തണം.

തിരുനാളിനെത്തുന്ന എല്ലാവർക്കും മാസ്ക് നിർബന്ധമാണ്. പ്രാർഥനയ്ക്കെത്തുന്നവർ ഒരു ഡോസെങ്കിലും വാക്സിൻ സ്വീകരിച്ചരിക്കണം.

കോവിഡ് പ്രോട്ടോക്കോൾ പാലിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ചു ദേവാലയത്തിന്റെ പരിസരങ്ങളിലും പ്രവേശന കവാടങ്ങളിലും ബോർഡുകൾ സ്ഥാപിക്കും. അനൗൺസ്മെന്റ് മുഖേനയും ഇക്കാര്യങ്ങൾ പ്രചരിപ്പിക്കണം.

തിരുനാളിന്റെ ഭാഗമായി സമൂഹസദ്യ ഒഴിവാക്കണമെന്നും പൂവാർ, വിഴിഞ്ഞം ഡിപ്പോകളിൽ നിന്ന് കൂടുതൽ ബസ് സർവീസ് നടത്തണമെന്നും യോഗത്തിൽ മന്ത്രി ആന്റണി രാജു പറഞ്ഞു.

പള്ളി പരിസരത്ത് തിരക്ക് ഒഴിവാക്കുന്നതിന് പ്രത്യേക ക്രമീകരണങ്ങൾ ഏർപ്പെടുത്തുമെന്നും ഇതിനായി വൊളന്റിയർമാരെ നിയോഗിക്കുമെന്നും പള്ളി ഭാരവാഹികൾ അറിയിച്ചു. ജില്ലാ കളക്ടർ നവ്ജ്യോത് ഖോസ.

സബ് കളക്ടർ എം.എസ്. മാധവിക്കുട്ടി, ഇടവക വികാരി ഫാ. ജോർജ് ജെ. ഗോമസ്, റവന്യൂ, പൊലീസ് ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

## സ്ത്രീശക്തി നറുക്കെടുപ്പ് മാറ്റി

ഒക്ടോബർ 19 ചൊവ്വാഴ്ച നറുക്കെടുക്കേണ്ട സ്ത്രീശക്തി SS283 ഭാഗ്യക്കുറി നറുക്കെടുപ്പ് 24ന് ഉച്ചകഴിഞ്ഞു മൂന്ന് മണിയിലേക്ക് മാറ്റിയതായി ലോട്ടറി ഡയറക്ടർ ഡോ. അദീല അബ്ദുള്ള അറിയിച്ചു.

സംസ്ഥാനത്ത് അതിശക്തമായ മഴയും വെള്ളപ്പൊക്കവും മൂലം ലോട്ടറി വിൽപ്പന തടസ്സപ്പെട്ട സാഹചര്യത്തിലാണ് നറുക്കെടുപ്പ് മാറ്റിയത് .



മന്ത്രിമാരായ കെ. എൻ. ബാലഗോപാൽ, ജെ. ചിഞ്ചുറാണി എന്നിവർ കോയിക്കൽ ഹൈസ്കൂളിലെ ദുരിതാശ്വാസ ക്യാമ്പിൽ

# തകർന്ന റോഡുകൾ ഉടൻ നന്നാക്കും; വിനോദ സഞ്ചാരത്തിന് താത്ക്കാലിക നിരോധനം

മന്ത്രിമാരുടെ മേൽനോട്ടത്തിൽ ജില്ലയിലെ മഴക്കെടുതി ദുരിതാശ്വാസ പ്രവർത്തനങ്ങൾ കാര്യക്ഷമമമായി തുടരുന്നു. ധനകാര്യ വകുപ്പ് മന്ത്രി കെ. എൻ. ബാലഗോപാൽ, മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി എന്നിവർ ജില്ലാ കലക്ടർ അഫ്സാന പർവീണിന്റെ സാന്നിദ്ധ്യത്തിൽ കലക്ട്രേറ്റിൽ പ്രത്യേക യോഗം ചേർന്ന് സ്ഥിതിഗതി വിലയിരുത്തി.

വെള്ളം കയറി താറുമാറായ റോഡുകൾ നന്നാക്കുന്നതിന് യുദ്ധകാലാടിസ്ഥാനത്തിൽ നടപടി ഉണ്ടാകുമെന്ന് മന്ത്രി കെ. എൻ. ബാലഗോപാൽ അറിയിച്ചു. കടൽത്തീരം കേന്ദ്രീകരിച്ച് സുരക്ഷ, പുരനധിവാസ പ്രവർത്തനങ്ങൾക്ക് പ്രത്യേക സംഘത്തെ നിയോഗിച്ചു. കിഴക്കൻ മേഖലയിലും മറ്റ് ദുരിതബാധിത പ്രദേശങ്ങളിലും ആവശ്യാനുസരണം ക്യാമ്പുകൾ തുറക്കുകയാണ്. തെ ല അണക്കെട്ടിലെ ജലനിരപ്പ് ഉയരുന്നതിന് അനുസൃതമായി സാവധാനത്തിലാണ് ഷട്ടറുകൾ തുറക്കുന്നത്. ഇതുവഴി നദീതീരത്തും താഴ്ന്ന പ്രദേശങ്ങളിലും വെള്ളപ്പൊക്കം ഉണ്ടാകുന്നത് പരമാവധി നിയന്ത്രിക്കാനായി. അച്ചൻകോവിലാറിന്റെ കരയിൽ ഒറ്റപ്പെട്ട 60 കുടുംബങ്ങൾക്ക് ഭക്ഷണം എത്തിച്ചു. ഇവരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് സംവിധാനം ഒരുക്കി.

വിവിധ മേഖലകളിലായി ഇടയ്ക്ക് മുറിഞ്ഞ വൈദ്യുതിബന്ധം തിരികെ നൽകുകയാണ്. മേഖലയുമായി ബന്ധപ്പെട്ട് ഒറ്റ ദിവസം ലഭിച്ച 1600 ലേറെ പരാതികളിൽ 90 ശതമാനവും പരിഹരിച്ചു. ആയൂർഅഞ്ചൽ റോഡിൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി. ചെങ്കോട്ടകൊല്ലം ഹൈവേയിൽ മണ്ണിടിച്ചിൽ സാധ്യത മുന്നിൽക്കണ്ട് മുൻകരുതലെടുത്തു. നിലവിലെ സ്ഥിതി ആശ്വാസകരമാണെന്നും മഴ തുടരുമെന്ന പ്രവചനം മുൻനിറുത്തി ദീർഘഹ്രസ്വകാലാടിസ്ഥാനത്തിലുള്ള സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തുകയാണ്. അടിയന്തര സാഹചര്യം കണക്കിലെടുത്ത് ജില്ലയിലെ വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ പ്രവർത്തനത്തിന് രണ്ടു ദിവസത്തേക്ക് നിരോധനം ഏർപ്പെടുത്തി. സ്ഥിതി മെച്ചപ്പെടുന്നതിന് അനുസൃതമായി വീണ്ടും അനുമതി നൽകും. മഴക്കെടുതിയിൽ കേടുപാട് വന്ന വീടുകളുടെ വിവരം ശേഖരിച്ച് നഷ്ടപരിഹാരം നൽകും. വെള്ളക്കെട്ട് സ്ഥിരമാകുന്ന മേഖലകളിൽ സംരക്ഷണഭിത്തി നിർമിക്കും എന്നും അദ്ദേഹം വ്യക്തമാക്കി.

ജനങ്ങളുടെ സുരക്ഷയ്ക്ക് പ്രാധാന്യം നൽകിയുള്ള ദുരിതാശ്വാസ പ്രവർത്തനമാണ് ജില്ലയൊട്ടാകെ നടപ്പിലാക്കുന്നതെന്ന് മന്ത്രി ജെ. ചിഞ്ചുറാണി പറഞ്ഞു. വെള്ളക്കെട്ട് പ്രദേശങ്ങളിൽ നിന്ന് പരമാവധി പേരെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റി.

കോവിഡ് സാഹചര്യം കണക്കിലെടുത്ത് മാനദണ്ഡ പാലനം ഉറപ്പാക്കിയാണ് ദുരിതാശ്വാസ കേന്ദ്രങ്ങളുടെ പ്രവർത്തനം. കോവിഡ് പരിശോധനയും മുടക്കമില്ലാതെ നടത്തുകയാണ്. ആവശ്യത്തിന് മരുന്നും വിദഗ്ധരുടെ സേവനവും ഉറപ്പാക്കി. അതീവ ജാഗ്രതയോടെ പ്രവർത്തിക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. ജനങ്ങളുടെ സഹകരണവും പങ്കാളിത്തവും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് അനിവാര്യമാണ്. ജനപ്രതിനിധികളും തദ്ദേശസ്ഥാപന ഭാരവാഹികളും ദുരന്തമേഖലകളിൽ കൈകോർക്കണമെന്നും മന്ത്രി ആവശ്യപ്പെട്ടു.

കല്ലട ആറിന്റെ ജലനിരപ്പ് ഉയരുന്ന സാഹചര്യത്തിൽ തീരവാസികളെ സുരക്ഷിതരാക്കാനുള്ള നടപടികൾ സ്വീകരിച്ചതായി ജില്ലാ കലക്ടർ അഫ്സാന പർവീൺ അറിയിച്ചു. വെള്ളപ്പൊക്ക സാധ്യതാമേഖലകൾ പ്രത്യേക നിരീക്ഷണത്തിലാണ്. തഹസിൽദാർമാരുടെ നേതൃത്വത്തിൽ വിവിധ സംഘങ്ങൾ 24 മണിക്കൂർ സേവനസന്നദ്ധരായി രംഗത്തുണ്ട്. കഴിഞ്ഞ ദിവസം പത്തനംതിട്ടയിലേക്ക് രക്ഷാപ്രവർത്തനത്തിന് അയച്ച ഏഴു വള്ളങ്ങൾക്ക് പുറമെ 20 എണ്ണം തൊഴിലാളികൾ സഹിതം സേവന സന്നദ്ധമായിട്ടുണ്ട്. ആവശ്യാനുസരണം ഇവയെ നിയോഗിക്കുമെന്നും കലക്ടർ അറിയിച്ചു.

താലൂക്ക്തലത്തിൽ ഉണ്ടായ നാശനഷ്ടത്തിന്റെ കണക്ക് തഹസിൽദാർമാർ അവതരിപ്പിച്ചു. ലഭ്യമായ മഴയുടെ തോത്, അണക്കെട്ടിലെ ജലനിരപ്പ്, ജലസ്രോതസുകളുടെ നിലവിലെ സ്ഥിതിവിവരം എന്നിവ പരിശോധിച്ചു.

സിറ്റി പൊലിസ് കമ്മിഷണർ ടി. നാരായണൻ, എ.ഡി. എം. എൻ. സാജിതാബീഗം, പുനലൂർ ആർ. ഡി. ഒ ബി. ശശികുമാർ, റൂറൽ എസ്. പി. കെ. ബി. രവി, ജില്ലാതല ഉദ്യോസ്ഥർ തുടങ്ങിയവർ ഓൺലൈനായി പങ്കെടുത്തു.

യോഗത്തിന് ശേഷം ഇരു മന്ത്രിമാരും കോയിക്കൽ ഹൈസ്കൂളിൽ പ്രവർത്തിക്കുന്ന ദുരിതാശ്വാസ ക്യാമ്പ് സന്ദർശിച്ച് ക്രമീകരണങ്ങൾ വിലയിരുത്തി. ക്യാമ്പിലുള്ളവർക്ക് ആവശ്യമായ മരുന്നും മറ്റ് സഹായവും കൃത്യതയോടെ നൽകുന്നുവെന്ന് ഉറപ്പാക്കാൻ ചുമതലയുള്ള ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി.

### ദുരിതാശ്വാസത്തിന് മുൻ കൈയെടുത്ത് മേയറും

കോർപറേഷൻ മേഖലയിൽ കനത്ത മഴയിൽ ദുരിതത്തിലായവർക്ക് ആവശ്യമായ സഹായവും അവശ്യവസ്തുക്കളും എത്തിക്കുന്നുവെന്ന് മേയർ പ്രസന്ന ഏണസ്റ്റ്. വെള്ളക്കെട്ട് പ്രദേശങ്ങളിൽ കഴിയുന്നവരെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റി വരികയാണ്. അഗ്നിസുരക്ഷാ സേനയുടെ സഹായത്തോടെ താഴ്ന്ന പ്രദേശങ്ങളിൽ നിന്ന് വെള്ളം വറ്റിക്കുന്നതിനും നടപടിയായി. ഭക്ഷണവും കുടിവെള്ളവും തുടങ്ങി അടിസ്ഥാന ആവശ്യങ്ങൾ ദുരിതബാധിതർക്ക് എത്തിച്ചു നൽകുന്നതിന് കൗൺസിലർമാരുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ നടന്നു വരികയാണ്. കോർപറേഷനിലെ വിവിധ ഉദ്യോഗസ്ഥരെയും ദുരന്ത പ്രദേശങ്ങളിലെ പ്രവർത്തനങ്ങൾക്കായി നിയോഗിച്ചു. വാർഡുകളിലെല്ലാം അതത് ജനപ്രതിനിധികൾ ജാഗ്രതയിലാണ് എന്നും വ്യക്തമാക്കി. കോയിക്കൽ സ്കൂളിൽ പ്രവർത്തിക്കുന്ന ദുരിതാശ്വാസ കേന്ദ്രത്തിലെ സൗകര്യങ്ങൾ മേയർ വിലയിരുത്തി. അവശ്യവസ്തുക്കളും മരുന്നും ഉൾപ്പടെ ക്യാമ്പിൽ കഴിയുന്നവരുടെ ആവശ്യങ്ങൾക്കനുസൃതമായി എത്തിക്കുന്നതിന് നിർദ്ദേശവും നൽകി.

## ലഖിംപൂർ അക്രമത്തിന് കാരണം യുപി പോലീസ്: കുറ്റപ്പെടുത്തലുമായി അജയ് മിശ്ര

ന്യൂഡൽഹി: ലഖിംപൂർ അക്രമത്തിന് കാരണം ഉത്തർപ്രദേശ് പോലീസും പ്രാദേശിക ഭരണകൂടവുമെന്ന് കേന്ദ്ര ആഭ്യന്തര സഹമന്ത്രി അജയ് കുമാർ മിശ്ര. ലഖിംപുർ ഖേരി സംഭവത്തിൽ കൊല്ലപെട്ട മൂന്നു ബിജെപി പ്രവർത്തകരുടെ പ്രാർഥനാ യോഗത്തിലാണ് മന്ത്രിയുടെ പ്രസ്ഥാവന.

ലഖിംപുർ നിയമസഭാംഗമായ യോഗേഷ് വർമയും മറ്റു നേതാക്കളുമായി അജയ് മിശ്ര കൊല്ലപെട്ട ബിജെപി പ്രവർത്തകൻറെ വീട് സന്ദർശിച്ചിരുന്നു. കൊല്ലപെട്ട മൂന്ന് ബിജെപി പ്രവർത്തകരിൽ ഒരാളായ ശ്യാം സുന്ദർ നിഷാദിനെ പോലീസിൻറെ സാന്നിധ്യത്തിൽ ആംബുലൻസിൽ നിന്നും വലിച്ചു പുറത്തേക്കിട്ടതിന് ശേഷമാണ് കൊലപെടുത്തിയത്.

പ്രക്ഷോഭത്തെ കുറിച്ചുള്ള വിവരങ്ങൾ നേരത്തെ ലഭിച്ചിട്ടും ആവശ്യമായ സുരക്ഷ ക്രമീകരണങ്ങൾ ഏർപ്പെടുത്താൻ പോലീസിന് സാധിച്ചില്ലെന്നും അജയ് മിശ്ര പറഞ്ഞു. അതേസമയം, കുറ്റകൃത്യങ്ങൾ ചെയ്തതിന് ശേഷം മറ്റുള്ളവരുടെ മുകളിൽ പഴി ചാർത്തുന്നതാണ് ബിജെപിയുടെ രീതിയെന്ന് സമാജ് വാദി പാർട്ടിയുടെ ദേശീയ വക്താവ് അനുരാഗ് ഭദോരിയ പ്രതികരിച്ചു.



# സന്നാഹം ആഘോഷമാക്കി ഇന്ത്യ; ഇംഗ്ലണ്ടിനെ ഏഴു വിക്കറ്റിന് തോൽപ്പിച്ചു

ദുബായ്: ടìൻറി20 ലോക കപ്പ് ആദ്യ സന്നാഹ മത്സരത്തിൽ ഇംഗ്ലണ്ടിനെതിരെ ഇന്ത്യക്ക് ഏഴു വിക്കറ്റ് ജയം. ഇംഗ്ലണ്ട് ഉയർത്തിയ 189 റൺസ് വിജയലക്ഷ്യം ഇന്ത്യ 19 ഓവറിൽ മൂന്നു വിക്കറ്റ് നഷ്ടത്തിൽ മറികടന്നു. 46 പന്തിൽ 70 റൺസെടുത്ത ഇഷാൻ കിഷനാണ് ഇന്ത്യയുടെ ടോപ് സ്കോറർ.

അർധ സെഞ്ചുറി നേടിയ ഇഷാൻ കിഷനും കെ.എൽ. രാഹുലുമാണ് ഇന്ത്യയുടെ വിജയത്തിൽ നിർണായക പങ്ക് വഹിച്ചത്. ഓപ്പണിംഗ് വിക്കറ്റിൽ 82 റൺസ് നേടിയ ശേഷമാണ് ഈ കൂട്ടുകെട്ട് പിരിഞ്ഞത്. 24 പന്തിൽ 51 റൺസെടുത്ത കെ.എൽ. രാഹുലിനെ മാർക്ക് വുഡ് പുറത്താക്കി. ഇഷാൻ കിഷൻ റിട്ടയർഡ് ഹർട്ടായി മടങ്ങി.

പിന്നാലെ എത്തിയ ക്യാപ്റ്റൻ വിരാട് കോഹ്‌ലി(11), സൂര്യകുമാർ യാദവ്(8) എന്നിവർ കാര്യമായൊന്നും ചെയ്യാതെ മടങ്ങി. എന്നാൽ ഒരറ്റത്ത് നിലയുറപ്പിച്ച റിഷഭ് പന്തും(14 പന്തിൽ 29) ഹർദിക് പാണ്ഡ്യയും(10 പന്തിൽ 12) ചേർന്നു ഇന്ത്യയെ വിജയത്തിലെത്തി.

നേരത്തെ, ആദ്യം ബാറ്റ് ചെയ്ത ഇംഗ്ലണ്ട് നിശ്ചിത 20 ഓവറിൽ അഞ്ച് വിക്കറ്റ് നഷ്ടത്തിൽ 188 റൺസെടുത്തു. ജോണി ബെയർസ്റ്റോ(36 പന്തിൽ 49), മോയിൻ അലി(20 പന്തിൽ 43), ലിയാം ലിവിംഗ്സ്റ്റോൺ (20 പന്തിൽ 30) എന്നിവർ മികച്ച ബാറ്റിംഗ് പുറത്തെടുത്തു. ഇന്ത്യക്ക് വേണ്ടി മുഹമ്മദ് ഷമി മൂന്നു വിക്കറ്റ് വീഴ്ത്തി. ജസ്പ്രീത് ബുംറയും രാഹുൽ ചാഹലും ഓരോ വിക്കറ്റ് വീതം നേടി.

# കേരളത്തിൽ ഇന്ന് 6676 പേർക്ക് കോവിഡ്; 60 മരണം

തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്ന് 6676 പേർക്ക് കോവിഡ്19 സ്ഥിരീകരിച്ചു. എറണാകുളം 1199, തിരുവനന്തപുരം 869, കോഴിക്കോട് 761, തൃശൂർ 732, കൊല്ലം 455, കണ്ണൂർ 436, മലപ്പുറം 356, കോട്ടയം 350, പാലക്കാട് 327, ആലപ്പുഴ 316, ഇടുക്കി 268, പത്തനംതിട്ട 245, വയനാട് 214, കാസർഗോഡ് 148 എന്നിങ്ങനേയാണ് ജില്ലകളിൽ ഇന്ന് രോഗ ബാധ സ്ഥിരീകരിച്ചത്.



കഴിഞ്ഞ 24 മണിക്കൂറിനിടെ 68,668 സാമ്പിളുകളാണ് പരിശോധിച്ചത്. പ്രതിവാര ഇൻഫെക്ഷൻ പോപ്പുലേഷൻ റേഷ്യോ (ണകജഞ) പത്തിന് മുകളിലുള്ള 158 തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിലായി 211 വാർഡുകളാണുള്ളത്. ഇവിടെ കർശന നിയന്ത്രണമുണ്ടാകും.

സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 3,02,818 പേരാണ് ഇപ്പോൾ നിരീക്ഷണത്തിലുള്ളത്. ഇവരിൽ 2,92,736 പേർ വീട്/ഇൻസ്റ്റിറ്റിയൂഷണൽ ക്വാറൻറൈനിലും 10,082 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. 634 പേരെയാണ് പുതുതായി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

നിലവിൽ 83,184 കോവിഡ് കേസുകളിൽ, 10.2 ശതമാനം വ്യക്തികൾ മാത്രമാണ് ആശുപത്രി/ഫീൽഡ് ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ടിട്ടുള്ളത്.

കഴിഞ്ഞ ദിവസങ്ങളിലുണ്ടായ 60 മരണങ്ങളാണ് കോവിഡ്19 മൂലമാണെന്ന് ഇന്ന് സ്ഥിരീകരിച്ചത്. ഇതോടെ ആകെ മരണം 26,925 ആയി. ഇന്ന് രോഗം സ്ഥിരീകരിച്ചവരിൽ 34 പേർ സംസ്ഥാനത്തിന് പുറത്ത് നിന്നും വന്നവരാണ്. 6331 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. 267 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. 44 ആരോഗ്യ പ്രവർത്തകർക്കാണ് രോഗം ബാധിച്ചത്.

രോഗം സ്ഥിരീകരിച്ച് ചികിത്സയിലായിരുന്ന 11,023 പേർ രോഗമുക്തി നേടി. തിരുവനന്തപുരം 1174, കൊല്ലം 1010, പത്തനംതിട്ട 603, ആലപ്പുഴ 404, കോട്ടയം 1079, ഇടുക്കി 430, എറണാകുളം 1015, തൃശൂർ 1602, പാലക്കാട് 781, മലപ്പുറം 790, കോഴിക്കോട് 1011, വയനാട് 367, കണ്ണൂർ 611, കാസർഗോഡ് 146 എന്നിങ്ങനേയാണ് രോഗമുക്തിയായത്.

ഇതോടെ 83,184 പേരാണ് രോഗം സ്ഥിരീകരിച്ച് ഇനി ചികിത്സയിലുള്ളത്. 47,50,293 പേർ ഇതുവരെ കോവിഡിൽ നിന്നും മുക്തി നേടി.

## രക്ഷാപ്രവർത്തനത്തിനു പതിനൊന്നു സംഘങ്ങൾ

ന്യൂഡൽഹി: ദേശീയ ദുരന്ത നിവാരണ സേനയിൽനിന്നുമുള്ള പതിനൊന്നു സംഘങ്ങളാണു കേരളത്തിന്റെ വിവിധയിടങ്ങളിൽ രക്ഷാപ്രവർത്തനങ്ങൾ നടത്തുന്നതെന്ന് കേന്ദ്രസർക്കാർ പ്രതിനിധികൾ അറിയിച്ചു. ഇവർക്കു പുറമേ നാവികസേനയിലെയും വ്യോമസേനയിലെയും ഉദ്യോഗസ്ഥരും രക്ഷാപ്രവർത്തനങ്ങളിൽ പങ്കാളികളാണ്.

സതേൺ എയർ കമൻഡാന്റിന്റെ കീഴിലുള്ള എല്ലാ താവളങ്ങളിലും രക്ഷാപ്രവർത്തനങ്ങൾക്കായി ഹെലികോപ്റ്ററുകൾ സജ്ജീകരിച്ചിട്ടുണ്ട്.

കോട്ടയം ജില്ലയിലെ കൂട്ടിക്കലിൽ ഉണ്ടായ ഉരുൾപൊട്ടലിനു പിന്നാലെ പാങ്ങോട് സൈനിക കേന്ദ്രത്തിൽനിന്ന് 30 പേരടങ്ങുന്ന സൈനികരുടെ സംഘത്തെ രക്ഷാപ്രവർത്തനങ്ങൾക്കായി വിന്യസിച്ചു.

## സ്കോൾ കേരള: കോഷൻ ഡെപ്പോസിറ്റ് രസീത് സമർപ്പിക്കണം

സ്കോൾ കേരള മുഖേന ഡി.സി.എ കോഴ്സ് അഞ്ചാം ബാച്ചിൽ പ്രവേശനം നേടിയ, കോഴ്സ് ഫീസ് പൂർണ്ണമായും അടച്ച വിദ്യാർഥികൾ കോഷൻ ഡെപ്പോസിറ്റ് ഇനത്തിൽ ഒടുക്കിയ 200 രൂപ തിരികെ ലഭിക്കുന്നതിന് രസീത് സമർപ്പിക്കണം. ooo.രെീഹലസലൃമഹമ.ീൃഴ യിൽ നിന്നും യൂസർ ഐ.ഡി, പാസ്‌വേഡ് ഉപയോഗിച്ച് രസീത് പ്രന്റെടുത്ത് വിവരങ്ങളും വിദ്യാർഥിയുടെ ഒപ്പും രേഖപ്പെടുത്തി, വിദ്യാർഥി/ രക്ഷകർത്താവിന്റെ പേരിൽ നിലവിൽ ഉപയോഗത്തിലുള്ള ബാങ്ക് പാസ്സ്ബുക്കിന്റെ പകർപ്പ് സഹിതം രസീത് സ്കോൾ കേരളയുടെ ജില്ലാ കേന്ദ്രങ്ങളിലോ എക്സിക്യൂട്ടീവ് ഡയറക്ടർ, സ്കോൾ കേരള പൂജപ്പുര, തിരുവനന്തപുരം എന്ന വിലാസത്തിൽ തപാൽ മാർഗ്ഗമോ എത്തിക്കണമെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ ഇൻ ചാർജ്ജ് അറിയിച്ചു.

## സ്വാമി വിവേകാനന്ദൻ യുവ പ്രതിഭാ പുരസ്കാരത്തിനും മികച്ച യുവജനക്ലബ്ബുകൾക്കുള്ള അവാർഡിനും അപേക്ഷ ക്ഷണിച്ചു

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് 2020 ലെ സ്വാമി വിവേകാനന്ദൻ യുവപ്രതിഭാ പുരസ്കാരത്തിന് അപേക്ഷ ക്ഷണിച്ചു. വ്യക്തിഗത അവാർഡിനായി 18 നും 40 നും മദ്ധ്യേ പ്രായമുള്ള യുവജനങ്ങൾക്ക് അപേക്ഷിക്കാം. സാമൂഹ്യപ്രവർത്തനം (പ്രിന്റ് മീഡിയ), മാധ്യമ പ്രവർത്തനം (ദൃശ്യമാധ്യമം), കല, സാഹിത്യം, ഫൈൻ ആർട്സ്, കായികം (വനിത), കായികം (പുരുഷൻ), ശാസ്ത്രം, സംരംഭകത്വം, കൃഷി എന്നീ മേഖലകളിൽ നിന്ന് മികച്ച ഓരോ വ്യക്തിക്ക് അവാർഡ് നൽകും. അവാർഡിനായി സ്വയം അപേക്ഷ സമർപ്പിക്കുകയോ മറ്റോരു വ്യക്തിയെ നാമനിർദ്ദേശം ചെയ്യുകയോ ആവാം. അവാർഡിന് അർഹരാകുന്നവർക്ക് 50,000 രൂപയും പ്രശസ്തി പത്രവും പുരസ്കാരവും നൽകും.

## നെല്ലുസംഭരണം സുഗമമാക്കാൻ സപ്ലൈകോ ചർച്ച നടത്തി

മഴക്കെടുതി മൂലം നെല്ലു സംഭരണത്തിൽ തടസം വരാതിരിക്കാൻ സപ്ലൈകോ കേരള റൈസ് മിൽ ഓണേഴ്സ് അസോസിയേഷൻ പ്രതിനിധികളുമായി ചർച്ച നടത്തി. സിവിൽ സപ്ലൈസ് മന്ത്രി ജി.ആർ.അനിലിന്റെ പ്രത്യേക നിർദ്ദേശപ്രകാരം നെല്ലെടുപ്പുമായി ബന്ധപ്പെട്ട് കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിച്ച് സംഭരണം സുഗമാക്കുന്നതിനായിരുന്നു ചർച്ച. സപ്ലൈകോ സി എംഡി അലി അസ്ഗർ പാഷയാണ് ചർച്ച നടത്തിയത്.

ഈർപ്പം കൂടുതലുള്ള നെല്ല് കർഷകരുമായുള്ള ധാരണയിൽ ന്യായമായ കിഴിവ് നടത്തി പെട്ടെന്ന് സംഭരിക്കണം. കർഷകരുടെ നഷ്ടം ലഘൂകരികരിക്കുന്നതിന് മില്ലുടമകൾ നടപടി സ്വീകരിക്കും. നെല്ലുസംഭരണം വേഗത്തിലാക്കുന്നതിന് കൂടുതൽ വാഹനങ്ങൾ, ചാക്കുകൾ എന്നിവ മില്ലുടമകൾ ക്രമീകരിക്കും.

## ദുബായ് ജൈടെക്സ് എക്സ്പോയിൽ കേരളത്തിലെ 20 കേരള സ്റ്റാർട്ടപ്പുകളും

തിരുവനന്തപുരം : കേരള സ്റ്റാർട്ടപ്പ് മിഷന്റെ (കെഎസ്‌യുഎം) മേൽനോട്ടത്തിലുള്ള 20 സ്റ്റാർട്ടപ്പുകൾ ദുബായിലെ വാർഷിക ജൈടെക്സ് സാങ്കേതികവിദ്യാ സമ്മേളനത്തിലെ ഫ്യൂച്ചർ സ്റ്റാർസ് 2021 പ്രദർശനത്തിൽ പങ്കെടുക്കുന്നു . ഇന്നലെ ആരംഭിച്ച നാലുദിവസത്തെ പ്രദർശനത്തിന് വേദിയാകുന്നത് വേൾഡ് ട്രേഡ് സെന്ററാണ്. ദക്ഷിണേഷ്യ, മദ്ധ്യപൂർവേഷ്യ, വടക്കേ ആഫ്രിക്ക എന്നിവിടങ്ങളിലെ ബൃഹദ് സമ്മേളനമായ ജൈടെക്സിൽ കേരളത്തിൽ നിന്നുള്ള സ്റ്റാർട്ടപ്പുകളുൾപ്പെടെ ഇന്ത്യയിലെ 50 സ്റ്റാർട്ടപ്പുകളാണ് പങ്കെടുക്കുന്നത്.

ലൊജിസ്റ്റിക്സ്, ഫിൻടെക്, റോബോട്ടിക്സ്, ആരോഗ്യപരിരക്ഷ, ലഘുവ്യാപാരം സംരംഭങ്ങൾ, പെട്രോളിയം/ എണ്ണ, ഗ്യാസ് മേഖലകളിൽ നിന്നുള്ള സ്റ്റാർട്ടപ്പുകളാണിവ. സമൂഹത്തിലും ബിസിനസിലും ഫലപ്രദമായ മാറ്റങ്ങൾ കൊണ്ടുവരാൻ പര്യാപ്തമായ നൂതന കണ്ടെത്തലുകളുള്ള സ്റ്റാർട്ടപ്പുകളാണ് ജൈടെക്സിന്റെ ഭാഗമാക്കുന്നത്. അറുപതിലധികം രാജ്യങ്ങളിൽ നിന്നും എഴുന്നൂറിലധികം സ്റ്റാർട്ടപ്പുകളും നാന്നൂറിലധികം നിക്ഷേപകരും നാന്നൂറ്റിയൻപതിലധികം പ്രഭാഷകരും പരിപാടിയിൽ പങ്കെടുക്കുന്നുണ്ട്.

## ബഹിരാകാശത്തെ ആദ്യ സിനിമ: ചിത്രീകരണം പൂർത്തിയാക്കി സംഘം മടങ്ങിയെത്തി

മോസ്കോ: ബഹിരാകാശത്ത് സിനിമ ചിത്രീകരണത്തിനായി പോയ റഷ്യൻ സംഘം ഭൂമിയിൽ തിരിച്ചെത്തി. 12 ദിവസത്തെ ഷൂട്ടിങ്ങിന് ശേഷം ഇന്നലെ രാവിലെയാണ് സംഘം തിരിച്ചെത്തിയത്.

ചലഞ്ച് എന്നാണ് സിനിമയുടെ പേര്. നടി യൂലിയ പെരേസിൽഡും സംവിധായകൻ കിം ഷിപെൻകോയുമാണ് ബഹിരാകാശ യാത്ര നടത്തിയത്. റഷ്യൻ സോയുസ് സ്പേസ് ക്രാഫ്റ്റിലാണ് കസാഖ്സ്ഥാനിലെ റഷ്യൻ സ്പേസ് സെന്ററിൽനിന്ന് സംഘം ഈ മാസം ആദ്യം പുറപ്പെട്ടത്. ബഹിരാകാശ യാത്രികനായ ആന്റൺ ഷ്കപ്ലറേവും ഇവർക്കൊപ്പം ബഹിരാകാശ യാത്ര ചെയ്തിരുന്നു.

ഹൃദയസംബന്ധമായ രോഗം ബാധിച്ച ബഹിരാകാശ സഞ്ചാരിയുടെ ജീവൻ രക്ഷിക്കാനായി പുറപ്പെടുന്ന ഡോക്ടറുടെ കഥയാണ് സിനിമ പറയുന്നത്. ചാനൽ വൺ നിർമ്മാണ കമ്പനിയും റഷ്യൻ ബഹിരാകാശ ഏജൻസിയായ റോസ്കോസ്മോസും ചേർന്നാണ് സിനിമ നിർമ്മിക്കുന്നത്.

ഇലോൺ മസ്കിന്റെ സ്പേസ് എക്സുമായി ചേർന്ന് ടോം ക്രൂസിനെ നായകനാക്കി ബഹിരാകാശത്ത് സിനിമ ചിത്രീകരിക്കാൻ നാസ ശ്രമിച്ചിരുന്നെങ്കിലും യാഥാർത്ഥ്യമായിരുന്നില്ല.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.